23 JAN 1954
MADRAS

പുസ്തകം 4. 1129 ധനു. ലക്കം 9.

# തുഞ്ചത്തെഴുത്തച്ഛൻ

## കഷ്ടം! നികൃഷ്ടം പരം!

ഏതാചാര്യ കൃപാകടാക്ഷമതിനാലശ്രാന്തയത്നത്തിനാൽ
ശ്രീതാവുന്നൊരവസ്ഥ കൈരളിതനിയ്ക്കുണ്ടായി വർദ്ധിച്ചുവോ
അദ്ധന്യന്റെ പവിത്രനാമമെഴുമീ സന്മാസികത്തിന്നുയിർ-
ച്ഛേതംചെററവരുത്തിടുന്നതു മഹാകഷ്ടം! നികൃഷ്ടം പരം! 1.

നല്ലോണ്ടും വരിസംഖ്യ മാന്യർ ചിലർപേർ നല്കാതമാന്തിപ്പതിൽ
ചൊല്ലേണ്ടുന്നതു വേണ്ടതുണ്ടതിനു നാമാളല്ലയെന്നാകിലും
നല്ലോണം പണമെന്നതാണു വിരവിൽ കെഞ്ചുമ്പൊഴും കൺതുറ-
ന്നീടാതങ്ങനെ നാഠംനയിപ്പതു മഹാകഷ്ടം! നികൃഷ്ടം പരം!

സൽപാത്രത്തിലിടാത്തഭിക്ഷ, വലുതാംപാപം; കൊടുക്കേണ്ടതിൽ
ലജ്ജിക്കുന്നതു തെററ് നല്ലവരിതോർത്തല്ലേ നയിപ്പൂ ദിനം
എപ്പോഴുംപഴിചൊല്ലി നിർദ്ദയതയാൽ കയ്യോകമത്താതെയാർ
വർത്തിക്കുന്നിതവർക്കെഴും സ്ഥിതി മഹാകഷ്ടം! നികൃഷ്ടം പരം! 3.

മാസംതോറുമടുത്തുവന്നു കഥയും കാവ്യപ്രബന്ധങ്ങളും
ഭേഷായ്ച്ചൊല്ലി മനസ്സിനുൾക്കടരസം നല്കുന്നസന്മാസികം
ക്ഷുത്തിൽപെട്ടുവലഞ്ഞിടുമ്പൊളതിനെക്കോപാൽ ദുഷിക്കുന്നവൻ
സത്യംമാനുഷനല്ലവന്റെ ഹൃദയം കഷ്ടം! നികൃഷ്ടം പരം! 4.

——:o:——

# പ്രേമദർശനം
(തുടർച്ച)

## ദേവർഷി നാരദ വിരചിത ഭക്തിസൂത്രം

വി. എൻ. പരമേശ്വരൻ നമ്പൂതിരി.

### 36. അവ്യാവൃതഭജനാത്.

അഖണ്ഡമായ ഭജനംകൊണ്ടു് ഭക്തിയുടെ സാധന സമ്പന്നമായിത്തീരുന്നതാണ്.

ഭജന ഭക്തിയുടെ പ്രധാന അംഗമാണ്. അതു് സാദ്ധ്യവും സാധനയുമാണ്. ഭഗവൽപ്രേമത്തെ സാധിച്ചുകഴിഞ്ഞവൎക്കു നിരന്തരഭജന സ്വാഭാവികമായി നടന്നുകൊണ്ടിരിക്കുന്നു. ഭഗവൽപ്രേമപ്രാപ്തിക്കു് ഇച്ഛിക്കുന്നവർ അഖണ്ഡമായ ഭജനയെ അഭ്യസിക്കതന്നെവേണം. ഭജനകൂടാതെ മുക്തിയും ഭഗവൽപ്രേമപ്രാപ്തിയും ആഗ്രഹിക്കുന്നവർ അറിയാതെ അജ്ഞാനാന്ധകാരത്തിൽച്ചെന്നു ചാടി ഉഴലുന്നവരത്രെ! മഹാനായ തുളസീദാസ് പറയുന്നു:—

"ബാരി മഥേം ഘൃത ഹോഉ ബരു സികതാതേ ബരുതേല്.
ബിനു ഹരി ഭജന നഭവ തരിഅ യഹ് സിദ്ധാംത അപേല്".

"ജലത്തെ മഥിക്കുന്നതുകൊണ്ടു് ഒരുപക്ഷെ നെയ്യുണ്ടായേക്കാം. മണലാട്ടിയാൽ എണ്ണകിട്ടിയേക്കാം; എന്നാൽ ഭഗവൽഭജനകൂടാതെ ഭവസാഗരത്തിൽനിന്നു് മനുഷ്യന് കരകേറുവാൻ സാധിക്കുന്നതല്ല. ഈ സിദ്ധാന്തം അഭേദ്യമാണ്."

അതുകൊണ്ടു ഭജന അനിവാൎയ്യസാധനയാണ്. അതിനും പുറമെ ഭക്തിസാധകനു ഇതുതന്നെയാണ് പ്രധാനപ്പെട്ടതു്. വിഷയങ്ങളിൽനിന്നും മനസ്സിനെ പിന്തിരിച്ചു ഭഗവാനിൽ സമൎപ്പിക്കുന്നില്ലയെങ്കിൽ അതു വീണ്ടും മടങ്ങി ഓടി അവിടേക്കുതന്നെ ചെന്നുചേരുന്നു. വിഷയത്യാഗം വൈരാഗ്യമാണ്, ഭഗവൽഭജന അഭ്യാസവുമാണ്. ഈ അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും വിശുദ്ധമായ ഭഗവൽപ്രേമ പ്രാപ്തിയുണ്ടാകും. പക്ഷേ ഇപ്പോൾ ഭാവമുണ്ട്; കുറച്ചു നേരത്തിനു ശേഷമില്ല; ഇന്നു മുഴുവൻ ചെയ്യു; നാളെ തീരെ ഇല്ലാതാനം, ഇത്തരത്തിലുള്ള ഭജന—പ്രേമപരവും ആദരയുക്തവുമായ അഖണ്ഡഭജനയല്ല. ഭജനരൂപമായ അഭ്യാസം സദാ നടന്നുകൊണ്ടിരിക്കയും, നടത്തിക്കൊണ്ടിരിക്കുകയും, അതു സല്ക്കാര

പൂർവ്വകമായിരിക്കുകയും ചെയ്യുമ്പോഴേ സിദ്ധമായിത്തീരുന്നുള്ളു. യോഗദർശനത്തിൽ ശ്രീ പതഞ്ജലിമഹർഷി പറയുന്നു:—

"സതു ദീർഘകാലനൈരന്തര്യ സല്ക്കാരാ സേവിതോ ദൃഢഭൂമിഃ" (1—14)

"ദീർഘകാലപര്യന്തം നിരന്തര സല്ക്കാരത്തോടുകൂടി ചെയ്യുതിനുശേഷമേ അഭ്യാസം ദൃഢമായിത്തീരുന്നുള്ളു."

ഈ നിത്യനിരന്തരാഖണ്ഡസ്മരണംകൊണ്ടുതന്നെ ഭഗവാന്റെ പ്രീതി നിഷ്പ്രയാസം സമ്പാദിക്കാം.

സ്വയം ഭഗവാൻതന്നെ ഗീതയിലരുളിച്ചെയ്യുന്നു:—

"അനന്യചേതാഃ സതതം
യോ മാം സ്മരതി നിത്യശഃ
തസ്യാഹം സുലഭഃ പാർത്ഥ
നിത്യയുക്തസ്യയോഗിനഃ". (8—14)

"ഹേ അർജ്ജുന, യാതൊരാൾ അന്യവിഷയത്തിൽ ചിന്തയില്ലാത്തവനായി നിരന്തരം നിത്യവും എന്നെ സ്മരിക്കുന്നുവോ അസ്ഥിരചിത്തനായ യോഗിക്കു ഞാൻ സുലഭനാകുന്നു. (എളുപ്പത്തിൽ എന്നെ പ്രാപിക്കത്തക്കവനാകുന്നു)".

അതുകൊണ്ടു് അനവരതം ഭഗവാനെ പ്രേമപൂർവ്വകം ചിന്തിച്ചുകൊണ്ടുതന്നെ സ്നാനഭോജനാദിവ്യാപാരങ്ങൾ മാത്രമേ ഭഗവൽപ്രേമത്തിന്നു് ദിവ്യധാമമായിത്തീരുന്നുള്ളു. ഭഗവൽപ്രേമപ്രാപ്തിയുണ്ടായാൽ പിന്നെ വിഷയത്യാഗം സ്വാഭാവികമായി ഉണ്ടായിക്കൊള്ളും.

വിഷയങ്ങൾ മനതാരിൽക്കിടന്നു കളിച്ചീടും-
വിഷയത്തിങ്കൽ ഭക്തിക്കായതിലിടമില്ല;
ഭക്തിമാനസെ വിളയാടീടും സമയത്തിൽ
ഭക്തിയെത്തിനോക്കുന്നതില്ലങ്ങോട്ടൊരിക്കലും !

അമൃതത്തിന്റെ സ്വാദു് അനുഭവിക്കുകയും, അതുകൊണ്ടുള്ള ഗുണവും, ലാഭവും നേടുകയും ചെയ്യുതിന്നുശേഷം വിഷത്തിലേക്കു് ആരുടേയെങ്കിലും ദൃഷ്ടി ആശാരൂപത്തിൽ പതിഞ്ഞുപോകുന്നതാണോ? എന്നാൽ ആ അമൃതിന്റെ ലാഭത്തിന്നുവേണ്ടി, ദൃഷ്ടി അതിന്നഭിമുഖമായിത്തീരുന്നതിന്നുവേണ്ടി, വിഷയവിഷത്യാഗം അവശ്യമാവശ്യമാണു്. വിഷയാസക്തിത്യാഗംചെയ്യു് ഭഗവാനിൽ ആസക്തനായിത്തീരുന്നതിൽത്തന്നെയാണു് പരമസുഖമിരിക്കുന്നതു്. ശ്രീഭഗവാനരുളിച്ചെയ്യുന്നു:—

"മയ്യർപ്പിതാത്മനഃ സഭ്യ
നിരപേക്ഷസ്യ സർവ്വതഃ
മയാ/ത്മനാ സുഖം യത്തൽ
കുതഃ സ്യാദ്വിഷയാത്മനാം".

(ശ്രീമൽ ഭാഗവതം 11.14-12)

ശ്വാസമദ്ധ്യത്തിൽപ്പോലും സംശയം കലരാതെ
ശാസിതാവാകും ഹരി നാമങ്ങൾ പ്രകീർത്തിപ്പിൻ.
എത്രനല്ലതാണിന്നീയുപായം ഭവബന്ധ-
സൂത്രമൊന്നറുക്കുവാ, നറിഞ്ഞു സ്മരിക്കുവിൻ!

ഇതിന്റെ ആശയം ഇതാണ്: ഭഗവാന്റെ സ്വരൂപം പ്രഭാവം, രഹസ്യം, ഗുണം, ലീല, അഥവാ നാമസ്മരണം ഇവയെല്ലാം ഹൃദയത്തിൽ നിരന്തരം തൈലധാരപോലെ നിലനില്ക്കണം. ഇതു തന്നെയാണ് അഖണ്ഡഭജന.

# ശ്രീകൃഷ്ണസ്തുതി

(കാമ്പ്രത്ത് ശങ്കരമേനോൻ—കൊല്ലങ്കോട്)

പച്ചപ്പച്ചിലമാമരത്തഴനിറം പൂണ്ടോരുപൂമേനിയും
മെച്ചംകൊണ്ടൊരു പിച്ചകപ്പൂമലർത്തൂപുഞ്ചിരിക്കൊഞ്ചലും
കൊച്ചോടക്കുഴലുംവിളിച്ചിടയരേ വഞ്ചിച്ചു, തൻകാലിയെ
മേച്ചുംകൊണ്ടു നടന്നിടുന്നനിലയും കാണാൻകൊതിക്കുന്നുഞാൻ 1

കാലിക്കോലും മനമലിയുമാറൂതുവാൻ കയ്യിലുള്ളോ-
രോടക്കുഴലും കിണുകിണെ മണിക്കൊഞ്ചലും മഞ്ഞമുണ്ടും
തൈരും ചോറും കരമതിലെടുത്തങ്ങു കന്നാലിമേക്കാൻ
കാട്ടിൽപോകും കരിമുകിൽനിറംകൊണ്ട കണ്ണൻ തുണയ്ക്കും. 2

ഗോപാംഗനാ തരളലോചന പത്മപത്ര
സമ്പൂജിതൻ മരതകപ്രതിമപ്രകാശൻ
അമ്പാടിതന്നിലഴകോടു വളർന്നബാലൻ
സമ്പന്നമോദമൊടു കാത്തരുളേണമെന്നും 3

ആനന്ദമേററമൊഴുകും മുരളീ മനോജ്ഞ-
ഗാനം വരുന്നളവതിൻെറ സുഖം ലഭിപ്പാൻ
ആനന്ദചിന്മയ ഹരേ! തവ രൂപമോൎത്തു
ഞാനെത്രകാലമിഹ പാൎത്തുവസിച്ചിടുന്നു. 4

കളലളിതവിലാസ മോഹനാംഗൻ
നളിനദളായതലോചനൻ മനോജ്ഞൻ
കളരവമുരളീധരൻ മുകുന്ദൻ
തെളിവൊടുകാത്തു തുണച്ചീടേണമെന്നും. 5

കാലത്തുതന്നെയെഴുനീററഥ കാലിമേച്ചു
നീലിച്ചുനിൻെറ തിരുമേനി വെളുക്കയില്ലേ?
പാലുംകുടിച്ചു നവനീതമതും ഭുജിച്ചു
കാലംകഴിച്ചതുവ്യഥാ കരുമേനിപോകാ. 6

തായാട്ടുകൊണ്ടു സഹിയാൎത്തയശോദനിയ്യാം
മായാകുമാരനെയണച്ചുരലോടുകെട്ടി
നീയ്യെൻെറ ചിത്തമതിലും കുടികൊണ്ടിടാതെ
ചെയ്യുന്നചാപലമതിന്നിവനെന്തുചെയ്യും? 7

പെരിയൊരുമഴവന്നാഗോകുലം മുങ്ങിടുമ്പോൾ
മുരരിപു ഭഗവാൻ നീ പൊക്കി ഗോവൎദ്ധനത്തെ
പെരുമഴയതുപോലേ സങ്കടം വന്നിടുമ്പോൾ
തിരുവടിയിണയിങ്കൽ ഭക്തിഗോവൎദ്ധനം താൻ. 8

ഗോപീപ്രേമരസത്തിൽ മുങ്ങിയരുളും ഗോവിന്ദനാം ദൈവതം
താപം തീൎത്തുതരേണമിന്നടിയനങ്ങാനന്ദമുണ്ടാക്കണം
ശാപംബാധമഹാമയങ്ങളിവയും ക്ഷുദ്രാഭിചാരങ്ങളും
പാപം സങ്കടമെന്നിതൊക്കയുമഹോ തീൎത്തിടണം സാദരം. 9

———:o:———

# പ്രഹ്ളാദൻ

(വി. കെ. നാരായണഭട്ടതിരി)

ഉൽകൃഷ്ടമായ ആഹ്ളാദത്തോടുകൂടിയ എന്നാണ് പ്രഹ്ളാദൻ എന്ന വാക്കിന്റെ അർത്ഥം. ഉറച്ച ഈശ്വരവിശ്വാസമുള്ളവന് ഏതു സന്ദർഭത്തിലും ആനന്ദമുണ്ടാകും എന്നുള്ള കാര്യത്തെ പ്രഹ്ളാദന്റെ പേർ സൂചിപ്പിക്കുന്നു. ഇതിഹാസപുരാണാദികളിൽ അനേകം ഭക്തന്മാരെ കാണാം. അവരുടെ ജീവിതരീതി, പ്രവൃത്തി എന്നിവയെപ്പററി ചിന്തിച്ച് നമ്മൾ നമ്മളുടെ മനസ്സിനെ നന്നാക്കുവാൻ ശ്രമിക്കേണം. ഉത്തമഭക്തന്മാരിൽ അതി പ്രധാനിയാണ് പ്രഹ്ളാദൻ. അദ്ദേഹത്തിന്റെ അച്ഛനായ ഹിരണ്യകശിപുവിന്നു വിഷ്ണുവിന്റെ നേരെ വിദ്വേഷമുണ്ടായിട്ടും പ്രഹ്ളാദൻ അച്ഛന്റെ നിലയെ മറന്നു് വിഷ്ണുഭക്തനായിത്തീൎന്നു. നാരദന്റെ ഉപദേശംവഴിക്കാണ് പ്രഹ്ളാദന്നു ഈശ്വരവിചാരമുണ്ടായതും അതു് വളൎന്നുവന്നതും. പ്രഹ്ളാദന്റെ വിദ്യാഭ്യാസം തുടങ്ങിയിട്ടു് അല്പം കഴിഞ്ഞപ്പോൾ ഒരു ദിവസം ഹിരണ്യകശിപു പാഠവിഷയകമായി പ്രഹ്ളാദനോടു ചിലതു ചോദിച്ചു. പുത്രൻ ഒരു വിഷ്ണുഭക്തനാകാൻ പോകുന്നുവെന്നു മകന്റെ ഉത്തരങ്ങളിൽനിന്നു് മനസ്സിലാക്കിയ അദ്ദേഹം ഉപാദ്ധ്യായനെ ശകാരിച്ചു പാഠവിഷയത്തിൽ നന്നെ ശ്രദ്ധവെക്കേണമെന്നേല്പിച്ചു വീണ്ടും പുത്രനെ ഉപാദ്ധ്യായന്റെ ഗൃഹത്തിലേക്കയച്ചു. കുറെക്കഴിഞ്ഞപ്പോൾ ഗൃഹത്തിൽവച്ചുതന്നെ വേറെയുള്ള സമപ്രായന്മാരായ അസുരപുത്രന്മാൎക്കു് വിഷ്ണുഭക്തിയെപ്പററി ഉപദേശിക്കുവാൻ പ്രഹ്ളാദൻ തുടങ്ങി.

ശ്രവണം കീൎത്തനം വിഷ്ണോഃ
സ്മരണം പാദസേവനം.
അൎച്ചനം വന്ദനം ദാസ്യം
സഖ്യ മാത്മനിവേദനം.

ഇങ്ങിനെ ഒമ്പതു് ഭക്തിമാൎഗ്ഗങ്ങളിലൂടെ പോകണമെന്നാണു് ആദ്യം ഉപദേശിക്കുന്നതു്. ഈ ഒമ്പതു് ഇനങ്ങളുടേയും സ്വരൂപം ഒന്നു പറയാം. ആദ്യത്തേതു് ശ്രവണം അതായതു് കേൾക്കലാകുന്നു. ശ്രദ്ധയോടും ഏകാഗ്രതയോടും കൂടി പുരാണങ്ങളും മററും വായിക്കുന്നതു ശ്രവിക്കുക; ഇതാണു് ശ്രവണം. പിന്നെ കീൎത്തനമായി. തുഞ്ചത്തെഴുത്തച്ഛന്റെ ഹരിനാമകീൎത്തനം പോലെയുള്ള

കീർത്തനങ്ങൾ ആചാര്യസ്വാമികളുടെ സ്തോത്രങ്ങൾ, സഹസ്രനാമം തുടങ്ങിയവ ഈശ്വരനെ ധ്യാനിച്ച് ചൊല്ലിക്കൊണ്ടു് ഈശ്വരസേവ നടത്തുക. അങ്ങിനെ നടത്തിത്തുടങ്ങിയാൽ മൂന്നാമത്തെ മാർഗ്ഗമായ ഈശ്വരധ്യാനം വന്നുതുടങ്ങും. കൃഷ്ണലീലകളെ ഓർത്തും ശ്രീകൃഷ്ണൻെറ ദുഷ്ടനിഗ്രഹത്തേയും ശിഷ്ടപരിപാലനത്തേയും ചിന്തിച്ചും, കഴിയുമ്പോഴെല്ലാം ഈശ്വരനെ ധ്യാനിക്കുക എന്നുള്ളതാണ് സ്മരണം. നാലാമത്തെ ഭക്തിമാർഗ്ഗം പാദസേവനമാകുന്നു. ക്ഷേത്രങ്ങളിലും മററും പോയി ദർശിക്കുക, പ്രദക്ഷിണംചെയ്യുക, നമസ്കരിക്കുക തുടങ്ങിയവയെല്ലാം പാദസേവനമാകുന്നു. അഞ്ചാമത്തെ മാർഗ്ഗമായ അർച്ചനം എന്നുള്ളത് ഈശ്വരനെ പൂജിക്കുകതന്നെയാണ്. ചതുർബാഹുവായ വിഗ്രഹം, സാളഗ്രാമം, നിലംമെഴുകിയുണ്ടാക്കിയ പത്മം തുടങ്ങി പലതരത്തിൽ പൂജാസ്ഥാനമുണ്ടാക്കാം. ദീപം, ധൂപം, നിവേദ്യം, പുഷ്പങ്ങൾ, ചന്ദനം തുടങ്ങിയ സാമഗ്രികളോടുകൂടിയ പൂജിക്കൽ തന്നെയാണ് അർച്ചനം എന്നു പറയുന്നത്. ആറാമത്തേത് വന്ദനമാകുന്നു. സകല പ്രാണികളുടേയും ഹൃദയത്തിൽ ഈശ്വരൻ ഉള്ളതിനാൽ സകല പ്രാണികളേയും ഈശ്വരൻെറ ഇരിപ്പിടമായിക്കണ്ടു് എല്ലാ ജീവികളേയും വന്ദിക്കുകയെന്നുള്ളതാണ് ഈശ്വരവന്ദനം. ഈ നില കിട്ടുവാൻ കുറെ പ്രയാസമുണ്ടു്. എങ്കിലും ശ്രവണം മുതലായ മുമ്പു പറഞ്ഞ അഞ്ചു മാർഗ്ഗങ്ങളിൽ വേണ്ടവിധം ഏർപ്പെട്ട പുണ്യശ്ലോകന്മാർക്ക് എല്ലാടത്തും ഈശ്വരവന്ദനത്തിന്നുള്ള കഴിവ് ഉണ്ടാകാം. ഇത് ഉണ്ടായാൽ ഏഴാമത്തെ മാർഗ്ഗമായ ദാസ്യം താനേയുണ്ടാകും. ദാസ്യം എന്നാൽ ദാസൻ എന്ന നില. താൻ ഈശ്വരൻെറ ദാസനാണെന്നുള്ള ബോധം ഉറച്ചാൽ ഈശ്വരന്നുവേണ്ടി കർമ്മം ചെയ്യുക എന്ന നില വന്നുചേരും. അതായത് ലോകസേവ എന്ന നിലയാണ് ഏഴാമത്തെ ഭക്തിമാർഗ്ഗം. ലോകസേവയിൽ ശ്രദ്ധയും പ്രവൃത്തിയും അധികമാകുന്തോറും മനസ്സ് പ്രസന്നമായിത്തീരുകയും പ്രവൃത്തികളിലെല്ലാം ആനന്ദം വർദ്ധിക്കുകയും ചെയ്യും. അപ്പോൾ ദാസ്യമെന്ന നിലവിട്ട് സഖ്യം എന്ന നിലയിലെത്തും. ഈശ്വരൻ തൻെറയൊരു ചങ്ങാതിയായിത്തീരും. അർജ്ജുനൻ, ഉദ്ധവൻ എന്നിവരുടെ നില ഏതാണ്ടിപ്രകാരമാണ്. ആ നില വന്നാൽ ആത്മനിവേദനം താനെ വന്നുചേരും. ആത്മനിവേദനമെന്നാൽ തൻെറ ദേഹം മുതലായ സകലതിനേയും ഈശ്വരനിൽ നിക്ഷേപിക്കുക എന്നുള്ളതാകുന്നു. ആ നിലയിൽ എത്തിയ പ്രഹ്ലാ

ദനെ നോക്കുക.

പ്രഹ്ലാദന്റെ വിഷ്ണുഭക്തി ഇല്ലാതാക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ട ഹിരണ്യകശിപു ഇങ്ങിനെ പറയുന്നു:—

"പരോപ്യപത്യം ഹിതകൃൽയഥൌഷധം
സ്വദേഹജോപ്യാമയവൽസുതോഹിതഃ"

പുത്രൻ ശത്രുവായിരുന്നാലും തനിക്കോ കുടുംബത്തിന്നോ ഹിതം ചെയ്യുന്നുവെങ്കിൽ അവനെ ഔഷധംപോലെ കരുതാം. ഹിതമാചരിക്കാത്ത പുത്രനെ തന്റെ ദേഹത്തിലുണ്ടായ ഒരു വ്യാധിപോലെ വിചാരിക്കേണം. ആ വ്യാധിമാററാൻ മാർഗ്ഗമില്ലെങ്കിൽ വ്യാധിയുള്ള ഭാഗത്തെ ഛേദിച്ചുകളയുന്നതുപോലെ പുത്രനെ ഹിംസിക്കേണം എന്നു പറഞ്ഞു പ്രഹ്ലാദനെ ഭൃത്യന്മാക്കു ഏല്പിച്ചുകൊടുക്കുന്നു. അവർ പ്രഹ്ലാദനെ പലതരത്തിൽ ഹിംസിക്കുന്നു. കുന്തം, ശൂലം ഇത്യാദികളെക്കൊണ്ടു മർമ്മസ്ഥലങ്ങളിൽ ഇടിക്കുക, കുത്തുക, പർവ്വതത്തിന്റെ മുകളിൽനിന്നും താഴോട്ടുരുട്ടുക, തേളുകൾ, വിഷമുള്ള സർപ്പങ്ങൾ തുടങ്ങിയവയെക്കൊണ്ടു കടിപ്പിക്കുക—ഇങ്ങിനെയെല്ലാം ഉപദ്രവിക്കുന്ന സമയത്തും പ്രഹ്ലാദന്റെ നിലയെ ഭാഗവതത്തിൽ ഇങ്ങിനെ വർണ്ണിക്കുന്നു:—

പരേബ്രഹ്മണ്യ നിർദ്ദിശ്യേ
ഭഗവത്യഖിലാത്മനി
യുക്താത്മന്യഫലാ ആസൻ
അപുണ്യസ്യേവസൽക്രിയാ."

വാങ്മനസ്സുകൾക്കു അവിഷയനും സകല പ്രാണികളുടെ ആത്മാവും ആയ ഭഗവാനായ പരബ്രഹ്മത്തിൽ ഉറച്ച മനസ്സോടുകൂടിയ പ്രഹ്ലാദനിൽ അസുരന്മാരുടെ ഉപദ്രവപ്രവൃത്തികളെല്ലാം നാസ്തികന്റെ സൽപ്രവൃത്തികളെപ്പോലെ നിഷ്ഫലങ്ങളായിത്തീരുന്നു. അതായതു പ്രഹ്ലാദൻ ഈശ്വരനെത്തന്നെ ധ്യാനിച്ചുകൊണ്ടിരുന്നു. ഇവരുടെ സകല യാതനകളും പ്രഹ്ലാദനു ഉപദ്രവമുണ്ടാക്കിയില്ല. ഈ നിലയാണ് ആത്മനിവേദനംകൊണ്ടുണ്ടാവുക. ഇത്തരത്തിലുള്ള ആത്മനിവേദനത്തിന്നു സാദ്ധ്യതയുണ്ടാവാനാണു നമ്മൾ ശ്രമിക്കേണ്ടതു്. ഭാഗവതത്തിലെ ഉത്തമങ്ങളായ സ്തുതികളിൽവെച്ചു പ്രഹ്ലാദന്റെ നരസിംഹസ്തുതി പ്രഥമഗണനീയമായി സ്ഥിതിചെയ്യുന്നതായി പറയാം. പ്രഹ്ലാദനെ അനുകരിക്കുവാൻ നമുക്കു മാർഗ്ഗമുണ്ടാകട്ടെ.

——o——

# നീതിബോധം

(പി. ഗോവിന്ദമേനോൻ)

ജീവിതം പ്രയോജനപ്രദവും സുഖകരവുമാക്കിത്തീൎക്കുവാനാണു മനുഷ്യൻ പരിശ്രമിക്കേണ്ടതു്.

“ജീവിച്ചീടുന്നതുണ്ടു വൃക്ഷസഞ്ചയമോൎത്താൽ
ജീവിക്കുന്നുണ്ടു മൃഗപക്ഷി സഞ്ചയങ്ങളും
മനനംചെയ്തുകൊണ്ടു സമയം കഴിക്കുന്ന
മനസ്സുള്ളവൻതന്നെ നന്നായിജ്ജീവിപ്പവൻ”.

മനുഷ്യൻ യുക്തിചിന്തയ്ക്കൎഹനാണു്. നന്മതിന്മകളേയും സത്യാസത്യങ്ങളേയും വേൎതിരിച്ചറിഞ്ഞു നന്മയും സത്യവുമായതിനെ കൈക്കൊള്ളേണ്ടതുണ്ടു് അവനു്. ജീവിതം വിവേകപൂൎവ്വം ആസ്വദിക്കുവാനുള്ള കരുത്തു് അവനുണ്ടാക്കിത്തീൎക്കുന്നതു നീതിബോധമാണു്.

ബുദ്ധികൊണ്ടാലോചിച്ചുറച്ചു ജീവിതത്തെ ക്രമീകരിക്കുന്നതിനു ചില നടപടികൾ മനുഷ്യൻ കൈക്കൊള്ളുന്നു. നിരീക്ഷണത്തിൽനിന്നും അനുഭവത്തിൽനിന്നും പഠിക്കുന്നവയാണു് ഈ വിഷയത്തിൽ അവനു പ്രചോദനം നല്കുന്നതു്. അതുകൊണ്ടു കാലദേശാവസ്ഥകളനുസരിച്ചു നിത്യചൎയ്യകളിൽ അല്പഭേദഗതികൾ വേണ്ടതായി വരുന്നു. ആചാരങ്ങൾക്കു മാററം സംഭവിച്ചാലും കാതലായ അംശം സ്ഥിരമായി നില്ക്കുന്നുണ്ടു്. ഈ തത്ത്വം കണ്ടറിഞ്ഞു പ്രവൎത്തിക്കുന്നതിലാണു മനുഷ്യക്ഷേമം നിലകൊള്ളുന്നതു്.

നീതി എന്ന പദംതന്നെ “നീതം” — നയിക്കുന്നതു് — എന്നതിൽനിന്നു വന്നതാണു്. മനുഷ്യൻ പ്രവൃത്തിപരനാണു്; ഒരു സമുദായജീവിയാണു്. മററുള്ളവരൊന്നിച്ചു കഴിഞ്ഞുകൂടുവാനുള്ള സന്നദ്ധത അവനുണ്ടാവണം. അതോടുകൂടി ആത്മസുഖവും കൈവരണം. ഒററപ്പെട്ടൊരു കാട്ടിൽ കഴിച്ചുകൂട്ടുന്ന ഏകാന്തവാസികൾ കൈക്കൊള്ളേണ്ട അനുഷ്ഠാനപദ്ധതി അവനും മററുള്ളവരുമായുള്ളതു സംബന്ധിച്ചു വളരെ സങ്കുചിതമാണു്. മനുഷ്യൻെറ സാധാരണ നില അതല്ല. വ്യക്തിയും സമുദായവും തമ്മിലുള്ള ബന്ധം നിലനിൎത്തേണ്ടതുണ്ടു്. സദാചാരങ്ങളുടെ പ്രാധാന്യം ഇവിടെയാണു്. കൎമ്മക്ഷമമായ പദ്ധതിയാണു നമുക്കു് ആവശ്യം. വെറും ഭാവനാവിലസിതമായ ഒരു നിലകൊണ്ടായില്ല. ഓരോരുത്ത

രുടേയും സ്ഥാനം വകവെച്ചു കൊടുക്കുന്നതോടുകൂടി, ഒട്ടാകെയുള്ള പ്രവൃത്തിയുടെ ഫലം പുരോഗമനപരമായിത്തീരണം. ഇതിനു നീതിബോധം ഒഴിച്ചുകൂടാവതല്ല.

കാര്യകാരണങ്ങളെ യുക്തിയുക്തമായ അടിസ്ഥാനത്തിൽ ഘടിപ്പിക്കുകയും, അനുഷ്ഠാനയോഗ്യങ്ങളായ തത്വങ്ങൾ പ്രവൃത്തിരംഗത്തിൽ കൈക്കൊള്ളുകയും ചെയ്യത്തക്കവിധം നീതിബോധം വളൎത്തിവരേണ്ടതുണ്ടു്. പുരാതനാചാര്യന്മാർ ഈ വിഷയത്തിൽ വിഹിതാവധാനികളായിരുന്നെങ്കിലും, ഇടക്കാലങ്ങളിൽ തട്ടിപ്പോയ മാന്ദ്യംനിമിത്തം ഈ ബോധപ്രകാശം കുറെ മങ്ങുവാനിടവന്നു. പശ്ചിമദിക്കിലെ പിച്ചുപിടിപ്പിക്കുന്ന പൊൻപൂച്ചായിരുന്നു ഇതിന്നൊരു പ്രധാനകാരണം. കെട്ടുതണുത്താറിപ്പോകാനിടയുള്ള പടുതിരികത്തലിന്റെ കാന്തിപ്പകിട്ടാണതെന്നു ക്രാന്തദൎശികൾ കണ്ടുതുടങ്ങി. വെറും അനുകരണമനോഭാവം ആപൽക്കരമാണെന്നും, വിവേകസഹായംകൊണ്ടു ഉറച്ചസ്വഭാവസ്ഥിതി കൈവരിച്ചു അതിൽ ഇളകാതെ നില്ക്കുന്നതാണ് ഗുണകരമെന്നും സാരവേദികൾ ഉൽബോധിപ്പിച്ചതിന്റെ ഫലമായി വലിയ ഒരുണർവു നമ്മുടെ ഇടയിൽ ഉണ്ടായിത്തീർന്നിട്ടുണ്ടു്.

ലക്ഷ്യത്തിൽ എങ്ങനെയെങ്കിലും എത്തിച്ചേൎന്നതുകൊണ്ടായില്ല. അതിന്നുപയോഗപ്പെടുത്തുന്ന മാൎഗ്ഗങ്ങളും അതിപ്രധാനമാണ് ചതിയോ കളവോ കൊണ്ടു ഒരാൾക്കു വലിയ പണക്കാരനാവാൻ എളുപ്പത്തിൽ തരപ്പെട്ടേക്കാം. പക്ഷേ ന്യായപൂൎവ്വമുള്ള സ്ഥിരപരിശ്രമംകൊണ്ടു ധനവാനായിത്തീരുന്ന ഒരാളുടെ നിലയും വിലയും അത്തരം വഞ്ചകകുബേരനു ഒരു കാലത്തുമുണ്ടാവുകയില്ല. എന്നല്ല, സത്യത്തിലൂടെ ലക്ഷ്യത്തിലെത്തുന്നവനു ഒരിക്കലും പതനവുമില്ല. അതല്ലാത്തവൻ തലകുത്തിവീഴാനാണെളുപ്പം നീതിബോധത്തിന്റെ പ്രാധാന്യം ഇവിടെയാണ്. സാദ്ധ്യവും സാധനവും പരിശുദ്ധമായിരിക്കണമെന്നു അതു നിഷ്കൎഷിക്കുന്നു. ലോകാനുഗ്രഹകാംക്ഷികളൊക്കെ ഈ തത്വം സുവ്യക്തം ഉൽഘോഷിച്ചിട്ടുണ്ടു്. "സത്യമേവ ജയതി" എന്നു ഉപനിഷത്തുകളും, കല്യാണകൎമ്മങ്ങൾ ചെയ്യുന്നവൻ ദുർഗ്ഗതി പ്രാപിക്കുന്നതല്ലെന്നു ഗീതയും, ധൎമ്മബോധം മാത്രമാണു ഒരു ദേശത്തെ ഉയൎത്തുന്നതെന്നു ബൈബിളും, ഒരു നല്ല മുസൽമാന്റെ വാക്കിൽ നിന്നും പ്രവൃത്തിയിൽനിന്നും ലോകം ക്ഷേമമടയുന്നുവെന്നു മുഹമ്മദു നബിയും വെളിപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ ജീവിതവും ശ്രദ്ധാപൂൎവ്വമുള്ള കൎമ്മവുമാണു ശരിയായ ആരാ

ധനയെന്നാണു ബുദ്ധദേവന്റെ അനുശാസനം. ചോരന്നപഹരിക്കാൻ കഴിയാത്ത അനശ്വരതമാണു സ്വഭാവഗുണമെന്നു ഷേക്സ്പിയരും ഊന്നിയിട്ടുണ്ടു്. ലൌകികസുഖാനുഭവങ്ങൾ കയ്യുംകണക്കുമില്ലാതെ വൎദ്ധിപ്പിക്കുന്നതിലല്ല ജീവിതവിജയം കിടക്കുന്നതു്. എല്ലാററിനേയും വിളക്കുന്ന സൎവ്വവ്യാപിയായ ഒരു കിടയററ കെടാവിളക്കുണ്ടു്, മനുഷ്യനിലുള്ള ദിവ്യത്വം. അതറിഞ്ഞനുഭവിക്കുവാനാണു മനുഷ്യജന്മം. അനേക വാസനാപാശങ്ങളാൽ വരിയപ്പെട്ട മനുഷ്യനു് അവയുടെ കെട്ടുപാടുകളിൽ നിന്നു മോചനം നേടുവാൻ പല വിധ മാൎഗ്ഗങ്ങൾ കൈക്കൊള്ളേണ്ടതുണ്ടു്. മാൎഗ്ഗങ്ങൾ വിഭിന്നമെങ്കിലും ലക്ഷ്യം ഒന്നുതന്നെ. അനുഷ്ഠാനകൎമ്മങ്ങളിൽ രുചിഭേദമനുസരിച്ചു് വൈവിധ്യത്തിനു വകയുണ്ടെങ്കിലും, നിയാമകശക്തി നീതിബോധമായിരിക്കണം. പരസ്പരവിശ്വാസം, ബലം, സ്വാതന്ത്ര്യം, ഐകമത്യം മുതലായ നിൎമ്മലവിചാരധാരകൾ മനുഷ്യഹൃദയത്തിൽനിന്നു സദാ പ്രവഹിക്കത്തക്കവിധമായിരിക്കണം പ്രവൃത്തിപരിപാടികൾ. അതിനു് തക്ക ഉണൎവ്വു് എല്ലാവരിലും ഉണ്ടാക്കിത്തീൎക്കുവാനാണു വകതിരിവുള്ളവർ സൎവ്വദാ പരിശ്രമിക്കേണ്ടതു്. എന്നാലേ അഭികാമ്യമായ ലോകക്ഷേമം അചഞ്ചലമായ നീതിബോധത്തിൽ അടിയുറച്ചു നിൽക്കു.

---

# ശ്രീശാരദാമണീദേവി.

സി. ദാമോദരമേനോൻ, വിലങ്ങൻ.

[ഡിസംബർ 27-ാംനു- വിലങ്ങൻ ശ്രീരാമകൃഷ്ണാശ്രമത്തിൽ വെച്ചു് ഭജന, പ്രസാദവിതരണം, അന്നദാനം മുതലായ വിവിധ പരിപാടികളോടുകൂടി മാതൃദേവിയുടെ ശതവാൎഷിക ജന്മതിഥി ആഘോഷിക്കുകയുണ്ടായി.]

ബംഗാളിൽ ബാംകുടജില്ലയിൽ ജയറാംവാടിയെന്ന ഒരു ഗ്രാമമുണ്ടു്. ആ ഗ്രാമത്തിൽ നിൎദ്ധനനെങ്കിലും ഭക്തിധനനായ ഒരു ബ്രാഹ്മണോത്തമൻ ഉണ്ടായിരുന്നു. ശാരദാമണിയെപ്പോലെ ത്യാഗശീലയും സേവനോത്സുകയും ക്ഷേതിമയിയുമായ ഒരു ബാലിക പുത്രിയായി ജനിച്ചതു് ആ ബ്രാഹ്മണോത്തമന്റെ സാത്വിക

വിചാരത്താലും ഭഗവൽഭക്തിയാലുമാണെന്നുള്ളതു നിർവിവാദമാകുന്നു.

പഴയപതിവനുസരിച്ചു ശാരദക്കു ആറുവയസ്സു തികഞ്ഞപ്പോൾ അച്ഛനമ്മമാർ മകൾക്കു ഒരു ഭർത്താവിനെ തിരക്കുവാൻ തുടങ്ങി. എന്നാൽ അവർ ഉദ്ദേശിച്ചിരിക്കാത്തവിധത്തിലാണ് അവക്കു ഒരു ജാമാതാവിനെ കിട്ടിയതു്. 24 വയസ്സുണ്ടായിരുന്ന ഗദാധര (പിന്നീട് ശ്രീരാമകൃഷ്ണപരമഹംസർ) നായിരുന്നു ശാരദാമണിയെ വിവാഹം കഴിച്ചതു്. ഗദാധരൻ വിവാഹം കഴിക്കുന്നതിനു അനുകൂലി അല്ലായിരുന്നു. പുത്രന്റെ വൈരാഗ്യബുദ്ധി അമ്മയെ ദുഃഖിപ്പിക്കകയാൽ മാതാവിന്റെ മനസ്സമാന്തിക്കുവേണ്ടി ഗദാധരൻ വിവാഹം കഴിക്കുവാൻ സമ്മതിക്കുകയാണു ചെയ്തതു്. തന്റെ ഭാവി പത്നിയേയും അവളുടെ ഗ്രാമത്തേയുംപററി ഗദാധരനു മുൻകൂട്ടി യാതൊരറിവുമുണ്ടായിരുന്നില്ലെങ്കിലും സ്വന്തം അന്തക്കരണവൃത്തിയാൽ അദ്ദേഹം ശാരദാമണിയെപ്പററി ദീർഘദർശനം ചെയ്തു് ആ വിവരം മാതാവിനെ അറിയിച്ചു. അങ്ങിനെയാണു് ശാരദാമണിയുടെ വിവാഹം നടന്നതു്.

വിവാഹം കഴിഞ്ഞിട്ടും ശരദാമണി ഏഴു വഷത്തോളം മാതൃഗൃഹത്തിൽതന്നെ താമസിച്ചു. ഗൃഹജോലികൾ എല്ലാം ആ ബാലിക സ്വയം നിർവ്വഹിച്ചിരുന്നു. പശുക്കൾക്കു പുല്ലരിയുക മുതലായ പുറംപണികൾകൂടി ശാരദതന്നെയാണ് നിർവ്വഹിച്ചുവന്നതു്. ഇങ്ങിനെ ബാല്യത്തിലേതന്നെ പരിശ്രമശീലയായിരുന്നതിനാൽ ശാരദ ആലസ്യമെന്തെന്നറിഞ്ഞിരുന്നേയില്ല. ഗൃഹജോലികൾ എടുക്കുമ്പോഴും ആ സാധ്വിയുടെ ജിഹ്വ ഭഗവന്നാമോച്ചാരണത്തിൽ വ്യാപൃതമായിരുന്നു.

പതിന്നാലാം വയസ്സിലാണ് ശാരദ ഭർത്താവിനെ നേരിട്ടുകണ്ടതു്. ആ സന്ദർശനം അത്ഭുതപൂർവ്വമായ ഒരു സംഭവമായിരുന്നു അവൾക്കു്. ദേവിതന്നെ ആ സന്ദർശനത്തെപ്പററി പറയുന്നതു നോക്കുക. "അദ്ദേഹത്തിന്റെ സന്ദർശനവേളയിൽ എന്തെന്നില്ലാത്ത ഒരലൌകികാനന്ദം എനിക്കു അനുഭവപ്പെട്ടു. പിന്നീടു ആ ആനന്ദം എന്നെ വിട്ടുപിരിഞ്ഞിട്ടില്ല"

അക്കാലത്തു് ശ്രീരാമകൃഷ്ണദേവൻ തോതാപുരിയിൽനിന്നു മന്ത്രദീക്ഷ സ്വീകരിച്ചുകഴിഞ്ഞിരുന്നു. എന്നിരിക്കിലും അദ്ദേഹം ബാലപത്നിയുടെ കാര്യത്തിൽ ശ്രദ്ധിക്കാതിരുന്നില്ല. അദ്ദേഹത്തിനു പത്നിയോടുണ്ടായിരുന്ന പ്രേമം അലൌകികവും നിസ്സീമവുമാ

യിരുന്നു. ഒരിക്കൽ ശ്രീരാമകൃഷ്ണൻ ശാരദാമണിയോടു പറഞ്ഞു: "നീ നിലവിളിക്കുന്നതു കണ്ടാൽ ഈശ്വരപ്രേമം അന്നോടെ എന്നെ വിട്ടുപിരിയും"

കുറച്ചുമാസങ്ങൾക്കുശേഷം ശ്രീരാമകൃഷ്ണദേവൻ ദക്ഷിണേശ്വരത്തിലേക്കു താമസമാക്കി. ശാരദാമണി സ്വഗൃഹത്തിലേക്കും പോയി. എന്നാൽ അധികകാലം ഭർത്തൃവിയുക്തയായി താമസിക്കുവാൻ ദേവിക്കു സാധിച്ചില്ല. അവരും ദക്ഷിണേശ്വരത്തിലേക്കു പുറപ്പെട്ടു. വഴിക്കുവെച്ചു ശാരദാമണിക്കു പനിപിടിച്ചു. ജ്വരബാധിതയായ ആ നിലയിൽ അവക്കു ജഗദംബയുടെ ദർശനമുണ്ടായിയെന്നാണ് പറയുന്നതു്. രോഗിണിയായി ദക്ഷിണേശ്വരത്തിൽ എത്തിയ ശാരദാദേവിക്കു താമസിക്കുവാൻ ശ്രീരാമകൃഷ്ണദേവൻ സ്വന്തം മുറിതന്നെ തയ്യാറാക്കികൊടുത്തു ഭർത്താവിൻെറ സ്നേഹനിർഭരമായ ശുശ്രൂഷകൊണ്ടു ശാരദാദേവി രോഗവിനിർമ്മുക്തയായിത്തീർന്നു.

"എന്നെ നീ ലൌകികത്തിലേക്കു വലിച്ചിഴക്കുവാനാണോ ഇവിടെക്കു വന്നിരിക്കുന്നതു്?" ശ്രീരാമകൃഷ്ണദേവൻെറ ഈ ചോദ്യത്തിന്നു ദേവി പെട്ടെന്നു മറുപടി പറഞ്ഞതു ഇങ്ങിനെയാണ് "അല്ല, അല്ല. അഭീഷ്ടമാർഗ്ഗത്തിൽ ചരിക്കുന്നതിനു അങ്ങയ്ക്കു സഹായിനിയാകുവാനാണ്." ശാരദാമണിദേവിയുടെ സംയമവും ത്യാഗവുമാണ് തൻെറ അനുഷ്ഠാനങ്ങൾക്കു സാഫല്യമേകിയതെന്നു ശ്രീരാമകൃഷ്ണദേവൻതന്നെ സമ്മതിക്കുന്ന സംഗതിയാണ്.

ദക്ഷിണേശ്വരത്തിലെ താമസത്തിനിടയിൽ പ്രാതസ്നാനത്തിനും ജപധ്യാനങ്ങൾക്കും ശേഷം ദേവി, ഭർത്തൃദർശനലാലസയായിത്തീരാറുണ്ട്. എന്നാൽ ആ ആഗ്രഹം പലപ്പോഴും ഫലിക്കാറുണ്ടായിരുന്നില്ല. വല്ലപ്പോഴും ഭർത്താവിനെകാണുവാൻ ഇടയായാൽ ദേവി ഹർഷോൽഫുല്ലയായിതീരുകയും ചെയ്യും. ഭർത്താവിൽ നിർവ്യാജഭക്തി നിലനിർത്തിക്കൊണ്ടു അദ്ദേഹത്തിൽനിന്നു അദ്ധ്യാത്മികവിഷയത്തിൽ ശാരദാദേവി അറിവുനേടി. ദേവിയുടെ ആത്മീയ പ്രഭാവത്തെ വെളിവാക്കുന്ന പലസംഗതികളും പറയുവാനുണ്ടു്. പക്ഷെ ഈ ലഘുചരിത്രത്തിൽ അതിനെല്ലാം സ്ഥലമനുവദിക്കുകയില്ല. എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ പ്രതിപാദിക്കാം.

ഒരുദിവസം ശ്രീ ശാരദാദേവി, കാമാരപുകരത്തിൽനിന്നു ദക്ഷിണേശ്വരത്തിലേക്കു പോകുമ്പോൾ കൂട്ടുതെററി തനിയെയായി. നേരം സന്ധ്യയായി തുടങ്ങിയിരുന്നു. വഴിയൊ തസ്കരശല്യമുള്ള

ത്ത്! ദേവി തനിയെ യാത്ര തുടൎന്നുകൊണ്ടിരുന്നു. ഒരു തട്ടിപ്പറിക്കാരൻ അവന്റെ പത്നിയോടൊന്നിച്ചു ദേവിയുടെ മാൎഗ്ഗം മുടക്കി നിന്നുകൊണ്ടു ചോദിച്ചു "നീ എവിടെ പോകുന്നു?" ശാരദ പരിഭ്രമലേശമില്ലാതെമൊഴിഞ്ഞു. "അഛാ! മകൾക്കു വഴി പിശകിപോയി. അഛന്റെ ജാമാതാവ് ദക്ഷിണേശ്വരത്തിലെ രാസമണീദേവിയുടെ കലാക്ഷേത്രത്തിൽ താമസിക്കുന്നുണ്ടു്. മകൾ അങ്ങോട്ടു പോവുകയാണ്" ശാരദാമണി കൊള്ളക്കാരന്റെ പത്നിയോടു തിരിഞ്ഞുനിന്നു പറഞ്ഞു: "അമ്മെ ഇവൾ അമ്മയുടെ മകൾ ശാരദയാണ്. വഴിതെററി അശരണയായിതീൎന്നിരിക്കുന്നു. മകളുടെ ഭാഗ്യംകൊണ്ടാണ് അഛനേയും അമ്മയേയും ഇവിടെവെച്ചു കാണാൻ സംഗതിയായതു് ഇല്ലെങ്കിൽ ഈ പെരുവഴിയിൽ മകൾ എന്തു ചെയ്യേണ്ടു?"

ശാരദാദേവിയുടെ ഈ മധുരഭാഷണം മോഷ്ടാക്കളുടെ ഹൃദയത്തെ അനുകമ്പാൎദ്രമാക്കി. ശാരദാദേവിയോടു അവൎക്കു പുത്രീനിൎവ്വിശേഷമായ വാത്സല്യഭാവമുണൎന്നു. ഈ സംഭവത്തിനു ശേഷം ആ തസ്കരൻ പലഹാരവുമായി മകളെക്കാണുവാൻ ദക്ഷിണേശ്വരത്തിൽ പോയിക്കൊണ്ടിരുന്നു.

ഈശ്വരോപാസനാമാൎഗ്ഗത്തിൽ പത്നി തടസ്സമാണെന്നു കരുതുന്ന ഒരു ഭൎത്താവ് ഒരിക്കൽ അയാളുടെ ഭാൎയ്യയോടു ചോദിച്ചു: "നീ എന്നെ സ്നേഹിക്കുന്നുവൊ ഭഗവാനെ സ്നേഹിക്കുന്നുവൊ?" ആ സാധ്വിസ്ത്രീ ശാരദാമണിയോടു ഇക്കാൎയ്യം പറഞ്ഞു. ദേവി സ്ത്രീയെ ഉപദേശിച്ചു. എന്നിട്ടു നിനക്കു മറുപടി പറയുവാൻ കഴിഞ്ഞില്ലെ മകളെ. ഈശ്വരനെയല്ല അങ്ങയെയാണ് ഞാൻ അധികം സ്നേഹിക്കുന്നതു് എന്നായിരുന്നു നീ മറുപടി പറയേണ്ടിയിരുന്നതു്.

ശാരദാദേവി ശ്രീരാമകൃഷ്ണദേവനെ ഗുരുദേവൻ എന്നാണ് സംബോധന ചെയ്തിരുന്നതു്. ഗുരുദേവനോടു തനിക്കാണ് മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ അടുപ്പവും അധികാരവുമെന്നു തോന്നിക്കുന്ന പെരുമാററമേ ദേവിക്കുണ്ടായിരുന്നില്ല. ദേവി ഗുരുപത്നിയാണെങ്കിലും ശിഷ്യരുടെ പാത്രങ്ങൾകൂടി മോറിയിരുന്നു. ശിഷ്യന്മാർ അതിനു വിരോധം പറഞ്ഞാൽ "മക്കളുടെ പാകം നോക്കേണ്ടതു് അമ്മയുടെ കടമയാണ്" എന്നു പറഞ്ഞു അവരെ സമാധാനിപ്പിക്കുകയാണു ചെയ്തിരുന്നതു്.

ശാരദാദേവിക്കു മുപ്പത്തിമൂന്നു വയസ്സുള്ളപ്പോഴാണ് (1883)

ഗുരുദേവൻ സമാധിപൂകിയതു്. പതിപരായണയായ ദേവി ഭർത്താവിനെ അനുഗമിക്കുവാൻ തയാറായി എന്നാൽ ഭർത്താവു് അവക്കു ദർശനം നല്കി ഉപദേശിച്ചു" നീ ഇനിയും കുറച്ചുകാലം ലോകത്തിൽ ജീവിച്ചിരിക്കണം."

ഭർത്താവിന്റെ നിർദ്ദേശമനുസരിച്ചു ദേവി പിന്നേയും ജീവിച്ചു. 1920 ജൂലായി 2-ാംനു- ശ്രീ ശാരദാദേവി സസന്തോഷം ഭൌതികശരീരം വെടിഞ്ഞു ഈ ലോകത്തോടു അന്ത്യയാത്ര പറഞ്ഞു.

ഓം ശാന്തി! ശാന്തി! ശാന്തി!

—:o:—

# * കേരളത്തിലെ കൊയ്ത്തുകാലം

മാധവൻ ചാത്തന്നൂർ

കരിമുകിലിൻ നിറമിയലും പണിയാളുകൾ ചാലേ
വരി വരിയായണയുകയായ് വയലുകളിൽ നീളെ!
കതിരഖിലം കനകരുചികരകവിയുംപോലെ
കുളിർ പവന ചലിതകരപുളകരസം പൂൽകെ.
ചിരദിനമായെര വയറായവരണിയും ചുണ്ടിൽ
പരമുയരും സ്മിതരുചിതൻ തെളിനുരകൾചൂടി;
കടലലപോൽ കയറുകയായരിവാളുകൾ നെല്ലിൻ
കടയരിയെക്കരമുലയെപ്പടയണീയെപ്പോലെ!
ഉടമകളുണ്ടവിടെ നെട്ടംകാൽക്കുടകൾചൂടി:
"യുതിരരുതെ യൊരുമണിയും ഒരുകുതിരും" ചൊല്ലി:
കതിരരിയെപ്പതറിവരും കനകാശകൾചൂടി
യതിലൊരുവൾ ചിലനിമിഷം അതിമധുരംപാടി:

* * * *

വന്നണഞ്ഞുകൊയ്ത്തുകാലം പൊന്നരിയുംകാലം!
വന്മലത്തലപ്പുതോറും മഞ്ഞണിയുംകാലം!
ആയിരംപ്രതീക്ഷകളാകാരമോലുംകാലം!
ആശകൾതൻചുണ്ടിൽ മന്ദഹാസമോലുംകാലം!

---

* വള്ളുവനാട്ടു് താലൂക്കു് പുരോഗമനസാഹിത്യസമ്മേളനം നടത്തിയ സാഹിത്യമത്സരങ്ങളിൽ മതിന്നവരുടെ വിഭാഗം ഒന്നാംസമ്മാനം നേടിയ കവിത—അവകാശങ്ങൾ കവിക്കു്.

ആറിട്ടന്നീതോർമ്മകളീനെൽക്കതിരരിയെ
ചേറണിഞ്ഞുംഞാറുനട്ട വേദനയിന്നാകെ!

* * * *

കളകളങ്ങളാണിളകുംനെല്ലണിക്കളെകളയുവാനായി,
കലങ്ങുംനീരിലെൻകരങ്ങളുൽസുകമലയുംനാളുകളില്ലേ?
അലയുംവിണ്ണിലെപലപതത്രികളണഞ്ഞുപാല്ക്കതിരുണ്ണാൻ
അലയൊഴുകുമാറവരെയുച്ചത്തിലകററുംഗാനവുമില്ലേ?

* * * *

തീക്കനൽക്കൈയിലേററുംഞാൻനീട്ടിനീട്ടിപ്പാടി
യിക്കതിർമണിയിലൊന്നുംകിട്ടുകില്ലെന്നോതി
പൂക്കളുംവീണു, നെല്ക്കതിരിൻതുമ്പുകളുംകുനിഞ്ഞു
എൻകരളിൽചാരിതാർത്ഥ്യംപൊൻകതിർചൊരിഞ്ഞു
മന്ദവാതമേററലകളുംനീളെയുംപുളഞ്ഞു
മാമകാന്തരാളത്തിലൊരോമനത്തംപാഞ്ഞു!

* * * *

“കതിരതിരുന്നരുതരുതെ”ന്നുടമയണഞ്ഞോതി
കതകിട്ടമാററിപരുഷം കളമൊഴുകുംകണ്ണും!
കനലെറിയുന്നിനകരമുണ്ടല്പതരംമേലേ
കനകനിറക്കതിരരിവോക്കലർന്നിരയാണല്ലേ?
പകരുകയാണവരറിയും പരമരഹസ്യങ്ങൾ
പരിചിതരാണരമനതന്നണിയറയിൽ നിങ്ങൾ !

* * * *

ചലിതാംഗികളവരുടെയുച്ചലിതാംശുകൾപോലെ
യുലക,ന്നിണമുലകൾ തുടുമുകുളാവലിപോലെ!
കതിരററവ, യരിവാളിവയിരുകൈകളിലേന്തി;
കരിയും കഥയറിയാതണി വെയ്‌ലലയിൽ നീന്തി!
പരമുരുകും മനമുറയുന്നഴലലയിൽക്കൂടി
പുതിയൊരുണർവ്വണയുകയാണീയഴലും തേടി !!

——:o:——

# പെരുമാൾവാഴ്ച (തുടർച്ച)

## ഒരു പ്രാചീന അപ്രകാശിത കൃതി

ഈ കൃതിയുടെ മംഗലാചരണവും പ്രാരംഭവും "തുഞ്ചത്തെഴുത്തച്ഛൻ" മാസികത്തിൽ മുമ്പൊരു ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്.

ചേരമാൻെറ കിരീടധാരണത്തിനുള്ള ഒരുക്കങ്ങൾ

(3)

മുടിചൂടുവേത്തി മലനാടുകോൻ മടിയാൾവതുക്ക
മിടചേക്ക്വെയ്യ് അതിനെന്നൊത്തു പതിനെട്ടു
മൊത്തു പടിയിട്ടുക്കൂടിയണയേ, വേതിയരുമൊ
പ്പമണയേ, അഴകാണ്ടനീണ്ട മലമണ്ടലത്ത
കവരെല്ലാരുമൊപ്പമണയേ—

അത്ഥം

മുടിചൂട്=കിരീടധാരണം, വേത്തി=നിവ്വഹിച്ചു്, മലനാട് കോൻ=കേരളചക്രവത്തിയായ്, അടിയാൾവതുക്ക്=വാഴിച്ചിരുത്തുവാൻ, ഇടചേക്ക്=താമസം വരുത്തുക, വയ്യ=അരുത്, അതിനെന്നതൊത്തു=അതിനൊത്തവിധം പ്രവത്തിക്കുവാൻ, പതിനെട്ടുമൊത്തു =കേരളത്തിലെ പതിനെട്ടു നാട്ടിലേയും ഭരണാധികാരികൾ കൂടിച്ചേൎന്നു്, പടിയിട്ട്=വേണ്ട പരിപാടി തയ്യാറാക്കി, കൂടിയണയേ= എല്ലാവരുംകൂടി, വേതിയർ=വൈദികന്മാർ, ആരണർ=മഹാബ്രാഹ്മണർ (നമ്പൂരിമാർ), മലമണ്ടലത്തകവർ=കേരളത്തിലെ നിവാസികൾ.

ഭാവം

പെരുമാളുടെ കിരീടധാരണം ഇനി ഒട്ടും വൈകിക്കരുതെന്നു കരുതി കേരളത്തിലെ പതിനെട്ടു നാട്ടും ഭരിക്കുന്ന (അമ്പതു) രാജാക്കന്മാരും, വൈദികന്മാരും, നമ്പൂതിരിമാരും, മററു സവ്വ പ്രജകളും ഒന്നായ്ച്ചേൎന്നു ആലോചിച്ചു വേണ്ട പരിപാടികൾ തയ്യാറാക്കി.

(4)

നിഴലേററനൽതൊഴിൽതഴൈത്ത ചൂടരൊ
ത്തൊളിപൊലിയനാററയിൽ, അഴൽമണികളേത്തതാ

യഴകതിരളും കൊടികൾ മീപ്പോയി വാനലക
മകിളർകളെ മാടിയവരിമ്പമൊടു കമ്പയ്തിലൂടെ
യുലകെത്തി, ചിന്തൂരത്തൂളി, മലയചന്തണം
മാൻമതം പുനകുപൂംകൽപ്പൂരതോയമൊടു
ശീർന്തഴകിമാർ തേയ്ക്കു ചാന്തുരസമപ്പൊഴുതി
ലവരർ മഴലൈ കൈവളെയരററുമൊലി
കാതുക്കു കിന്നരം, അതു പൊലിനറും മണം
മൂക്കുക്കു പാക്കിയം, അവരഴകുമേനിയൊളി
കണ്ണിണക്കഞ്ജനം, ചങ്കാരപല്ലവിയതും
പൊഴിതുമതുവരവർ മലർമാലൈ പണി
ചെയ്തിട്ടുമിടങ്കളൈയലങ്കരിപ്പതിനൊടാ
യിടമതാകയളവററ പുലനകളൈത
ണ്ണൊളിയൊലുമ്പുമിടമായിതേ—

അർത്ഥം

നിഴലേററ=ശോഭയേറിയ, നൽ=നല്ല (ഭംഗിയുള്ള), തൊഴിൽ തഴൈ=ഏററവും വിചിത്രപ്പണികളോടുകൂടിയ, ചുടർ = സൂര്യ്യൻ, ഒളി=പ്രഭ, പൊലിയ=വിളങ്ങുന്ന, നാററ=പട്ട്, ചൂട....... നാററ= സൂര്യ്യപ്രഭപോലെ വിളങ്ങുന്ന പട്ട്—സൂര്യ്യകാന്തിപ്പട്ട്, അഴല്മണി=മാണിക്കരത്നം, ഏത്തതായ്=വെച്ചുപിടിപ്പിച്ച, അഴലുതിരളും=അഴകേറിയ, മീപ്പോയി=മീതെപോയി (മേലെ പൊക്കത്തിലുയന്നു), വാനലകമകിളർ=ദേവകന്യകമാർ, മാടി=വിളിച്ചു് (ക്ഷണിച്ചു്), കമ്പം=കൊടിമരം, ചിന്തൂരത്തൂളി=കുങ്കമപ്പൊടി (കുങ്കമപ്പൂവു്), മലയചന്ദനം=സൌരഭ്യമേറിയ ചന്ദനം, മാൻമതം=കസ്തൂരി, പുനകു്=പച്ചപ്പുഴ, പൂംകൽപൂരം=പച്ചകർപ്പൂരം, ശീർന്തഴകിമാർ=സുന്ദരിമാർ (ദേവകന്യകൾ), തേയ്ക്കു=പൂശുവാനുള്ള, ചാന്തു്=കുറിക്കൂട്ടു്, മഴലൈ=നർമ്മസല്ലാപം, അരററുക=ശബ്ദിക്കുക, ഒലി=ശബ്ദം, കിന്നരം=വീണക്കു തുല്യം (അത്യാനന്ദപ്രദം), അതുപൊലീം=അതിൽ (കുറിക്കൂട്ടു്) നിന്നും പൊഴിയുന്ന, നറുംമണം = അമിതമായ വാസന, പാക്കിയം=ഭാഗ്യം, മതുവർ = മധുപർ (വണ്ടുകൾ), പുലൻകളൈ= പഞ്ചേന്ദ്രിയങ്ങളേയും, തൺ = തണുത്ത, ഒളി=പ്രകാശം, തണ്ണൊളി=ചന്ദ്രിക.

ഭാവം

ശോഭയേറിയതും, അത്യധികമായ വിചിത്രപ്പണികൾ ചെയ്തു് ഭംഗി വരുത്തിയതും, മാണിക്കരത്നം വെച്ചുപിടിപ്പിച്ചതും, സൌന്ദ

ൎയ്യമേറിയതും, സൂൎയ്യകാന്തിപ്പട്ടുകൊണ്ടു നിൎമ്മിച്ചതും ആയ കൊടിക്കൂറകൾ ഉയൎന്നു സ്വൎഗ്ഗലോകത്തെത്തി ദേവകന്യകമാരെ ക്ഷണിച്ചു; അവർ ആനന്ദഭരിതരായ് ആ കൊടിമരത്തിൽക്കൂടെ ഭൂലോകത്തിറങ്ങിവന്നു; നവസുന്ദരാംഗികളായ ആ കന്യകമാർ കുങ്കുമപ്പൂ, മലയചന്ദനം, കസ്തൂരി, പച്ചപ്പുഴു, പച്ചകൽപ്പൂരം മുതലായ സുഗന്ധദ്രവ്യങ്ങൾ ചേൎത്തു ശരീരത്തിൽ പൂശുവാൻ വേണ്ട കുറിക്കൂട്ടു തയ്യാറാക്കുമ്പോൾ ഉള്ള അവരുടെ നൎമ്മസല്ലാപധ്വനിയും കൈവളകൾ ഇളകുമ്പോഴുണ്ടാകുന്ന കിലുകിലാരവവും കേൾക്കുന്നവരുടെ കാതുകൾക്കു കിന്നരമായി പരിണമിച്ചു; ആ കുറിക്കൂട്ടിൽനിന്നും നിഷ്ക്രമിച്ച് അവിടമെങ്ങും പരന്ന ആ സൌരഭ്യം മൂക്കിന് അത്യന്തം ഹൃദ്യത നല്കി; ആ കന്യകമാർ പുതുപുഷ്പം കൊണ്ടു മാല കെട്ടുമ്പോൾ അതിലുള്ള തേൻ നുകരുവാൻ പറന്നെത്തിയ വണ്ടുകളുടെ ഝങ്കാരാലാപംകൊണ്ട് അവിടമെങ്ങും അലങ്കരിച്ചു. ആകപ്പാടെ ആ സ്ഥലം സകലരുടേയും പഞ്ചേന്ദ്രിയങ്ങളെ ഒപ്പം ആനന്ദചന്ദ്രികയിൽ ഒലുമ്പി.

5

മണിമകുടമണ്ഡപം കണിയൊളിയ തോരണം പറനിരയ രത്തിനം കറയൊളിയ കാഞ്ചനം, മുത്തണിയ ചത്തിരം ചിത്തണിയ ചാത്തിരം നിറമുടയ വെള്ളരി തിറമുടയ പൂശിനി, അണികോടിവത്തിരം പിണിയോടിയത്തിരം തലയാടി നീരലം കുഴിയാടി മുപ്പഴം കൺവെത്ത മന്നങ്ങ പെൺവെത്ത വെത്തില പൊങ്കനിയ പാക്കുകിലു മുക്കുററി ചെറുപൂള പൂവ്വാങ്കുറുന്തിലയിതിതളിരു പത്തുവും വെൺമലരു ചെമ്മരിശി പുറവുമൺപൊൻ കലശ മാററുപുൽ കുശയരശു ചിത്തിരപ്പൂംപൊടി ചിതമിയലുപൂക്കല യിപ്പിടിയിതൊക്കെയവരാതരവെടേററു പണിചെമ്മയമതാക്കിയരുളേ—

അൎത്ഥം

കണിയൊളിയ=കണ്ണഞ്ചിക്കുന്ന, തോരണം=അലങ്കാരം, കറയൊളിയ=കറയററ (തനിതങ്കം) മുത്തണിയ=മുത്തിനാൽ നിൎമ്മിച്ച, ചത്തിരം=ഛത്രം (മുത്തുക്കുട) ചിത്തണിയ=മനസ്സിന്നലങ്കാരമായ; ചാത്തിരം=ശാസ്ത്രം (വേദഗ്രന്ഥം) നിറമുടയ=നല്ല നിറമുള്ള (സ്വൎണ്ണനിറത്തോടുകൂടിയ) തിറമുടയ=അഴകും വലുപ്പവുമുള്ള, പൂശിനി=പഴുത്ത മത്തങ്ങ, അണി=അണിയുവാൻ (ഉടുക്കാൻ) കോടിവത്തിരം=കോടിവസ്ത്രം (മ[illegible]കോടിപ്പുടവ), പിണിയോടി=ദുർഭൂതങ്ങളെ അകററുന്ന, അത്തിരം=അസ്ത്രം (ശരക്കോല്), തലയാടി=

ശിരസ്സിൽ അഭിഷേകം ചെയ്യുവാനുള്ള, നീരലം=ശുദ്ധമായ ജലം (ഗംഗാജലം അഥവാ സമുദ്രജലം), കുഴിയാടി=കുഴിക്കകത്തുണ്ടാകുന്ന, മുപ്പഴം=മുന്നുജാതി പഴങ്ങൾ, കൺവെത്ത=കണ്ണൂന്നിയ, മന്നങ്ങ=ഇളംകരിക്ക്, പെൺവെത്ത=സുന്ദരിമാർ തിരഞ്ഞെടുത്ത, പൊൻകനിയ=സ്വർണ്ണംകൊണ്ടുണ്ടാക്കിയ കായ്പോലുള്ള, ഇതി=മുതലായ, വെൺമലര്=നെല്ലു പൊരിച്ച മലര് (വെളുത്ത പുഷ്പം എന്നുമാവാം), ചെമ്മരിശി=ചുവന്ന അരി (അക്ഷതം), ആറുപുൽ=ദർഭ; അരശ്ശു = നാല്പാമരം; ചിത്തിരപ്പൂംപൊടി = കളമിടുവാനുള്ള വിവിധവർണ്ണങ്ങളോടുകൂടിയ അരിപ്പൊടി; ചിതമിയലും=ഭംഗിയേറിയ; ചെമ്മയാക്കി = തയ്യാറാക്കി.

ഭാവം

രത്നത്താഴികക്കുടംവെച്ച സ്വർണ്ണനിർമ്മിതമായ മണ്ഡപം, കൺമിഴികളെ അഞ്ചിക്കുന്ന പ്രഭയേറിയ തോരണാദി അലങ്കാരങ്ങൾ രത്നം നിറച്ച പറകൾ, തനിത്തങ്കപ്പൊടി നിറച്ച പറകൾ, മുത്തുക്കുട (വെൺകൊററക്കുട) വേദഗ്രന്ഥം, സ്വർണ്ണനിറത്തോടുകൂടിയ വെള്ളരിപ്പഴം, നല്ല അഴകും വൃത്തവുമൊത്ത മത്തൻപഴം, ധരിക്കുവാനുള്ള മന്ത്രകോടി ഇണവസ്ത്രം, ശരക്കോല്, അഭിഷേകത്തിന്നുള്ള ഗംഗാജലം, കുഴിക്കകത്തുണ്ടാകുന്ന മുന്നുജാതി പഴങ്ങൾ, കണ്ണൂന്നിയ ഇളംകരിക്ക്, സുന്ദരിമാരാൽ തിരഞ്ഞെടുക്കപ്പെട്ട തളിര് വെററില, സ്വർണ്ണനിറത്തിലുള്ള പഴക്കുല, ദശപുഷ്പങ്ങളുടെ തളിര്, മലർപ്പൊരി (വെളുത്തപുഷ്പം), അക്ഷതം, പുററുമണ്ണ്, പൊൻകലശം, ദർഭ, കുശ, നാല്പാമരത്തൊലി (നാല്പാമരത്തളിരും ആവാം), കളമെഴുത്തിനുപയോഗിക്കുന്ന വിവിധവർണ്ണങ്ങളോടുകൂടിയ അരിപ്പൊടി, ഭംഗിയേറിയ തെങ്ങിൻ പൂക്കുല എന്നിങ്ങനെയുള്ള മംഗളസാധനങ്ങളെല്ലാം വളരെ നിഷ്കർഷയോടുകൂടി അവർ തയ്യാറാക്കി.

6

മേക്കടലിരമ്പുവതെ യാക്കമൊടൊത്തുകുവതി നുകുടയ വയിർ കൊഴലുമുഴവു പറൈ വളൈ വിളൈയരററുകൾ മാറെറാലിയല കുവതുയെത്തിശിയുമെത്തി മുടിവാത്തയരുത്തരുത്തി മുത്തുമത്തികളു മെത്തിയണിയേത്തിയവിടത്തിലതുനേരമേ—

അത്ഥം

മേക്കടൽ=പടിഞ്ഞാറെ സമുദ്രം (തിരുവഞ്ചക്കുളത്തുനിന്നു മൂന്നാലു നാഴിക പടിഞ്ഞാറുഭാഗത്താണ അറബിക്കടൽ സ്ഥിതിചെ

യ്യുന്നതു്) ആക്കമൊട്ടു=ശക്തിയോടുകൂടി, ഒതുക്കുക=അടക്കുക, വയിർ =കൊമ്പ്, മുഴവ്=മദ്ദളം, വളൈ=ശംഖ്, വിളൈയരവ=ധ്വനിയ്ക്കുന്ന ശബ്ദം, എത്തിശി=എല്ലാ ദിക്കിലും (എട്ടു ദിക്കിലും) എത്തി= പരന്നു, മുടിവാഴ്ത്ത=കിരീടധാരണവിവരം, അരു=മഹോത്സവം, ചുരത്തി=വളർത്തി, അണിയേററി-അലങ്കാരം ധരിച്ച് (വിഭൂഷിതഗാത്രികളായി)

ഭാവം

പടിഞ്ഞാററൻ സമുദ്രത്തിൽനിന്നു പുറപ്പെടുന്ന അതിശക്തിയോടുകൂടിയ എരമ്പത്തെ തീരെ അടക്കി ഇല്ലാതാക്കിത്തീർത്തക്കഗാംഭീര്യത്തോടുകൂടിയ കൊമ്പു കുഴൽ മദ്ദളം പെരുമ്പറ ശംഖ് മുതലായ വാദ്യങ്ങളിൽനിന്നും ഉച്ചൈസ്സ്വരം പൊങ്ങിയ ശബ്ദം എട്ടു ദിക്കുകളിലും മാറെറാലി കൊണ്ടു മുത്തുമുത്തശ്ശിമാരെപ്പോലും ആകർഷിച്ചു മനസ്സിളക്കി അവരെ സർവ്വാലങ്കാരവിഭൂഷിതഗാത്രിമാരാക്കി ആ സമയത്തു അവിടെ എത്തിച്ചു.

7

അന്നവിഴവളൈയോശ യണ്ടരുറൈ കൊണ്ടലറിയവ്വുലകമ ഞ്ചൊലാരിയല്പമൊഴിപാടി തത്തിമിതിയാടി തുമലരുതുവി; വേതിയവർ വേതമുറൈയോതുവതുകിന്നരംകാതുകളിലൂതി യാതനകളൂതി—

അർത്ഥം

അന്നവിഴ=അന്നദാനമഹോത്സവം. വളൈ=ശംഖ്; ഓശ= ശബ്ദം. അണ്ടർ ഉറൈ=ദേവലോകം; കൊണ്ടലറി=എത്തി മാറെറാലികൊണ്ടു; അവ്വുലക=ആ ലോകത്തുള്ള (ദേവലോകത്തുള്ള) ഇയല്പ=മധുരമായ; ഇയല്പമൊഴിപാടി=കീർത്തനംചെയ്തു (സ്തുതിച്ചു); തത്തിമിതിയാടി=നൃത്തംവെച്ചു. തുമലര്-പാരിജാതപുഷ്പം; വേതിയവർ=വേദജ്ഞന്മാർ; വേതമുറൈ=വേദത്തിലുള്ള ഗാനങ്ങൾ; ഓതുവതു=കീർത്തിക്കുന്നതു (സ്വരമാധുര്യത്തോടുകൂടി പാരായണം ചെയ്യുന്നതു്) കിന്നരംകാതുകളിലൂതി=കേൾക്കുന്നവരുടെ കാതുകൾക്കു അത്യാനന്ദത്തെ നൽകി; യാതനകൾ=പ്രാപഞ്ചികദുഃഖങ്ങൾ; ഉതി=തീർത്തു (ആശ്വസിപ്പിച്ചു.)

ഭാവം

ചേരമാൻ പെരുമാളുടെ കിരീടധാരണമഹാമഖത്തിൽ നടത്തിയ അന്നദാനമഹോത്സവത്തിൻെറ ശംഖധ്വനി (യശസ്സ്) ദേവലോകത്തെത്തി അവിടമെങ്ങും മാറെറാലി കൊള്ളിച്ചു. ദേവാം

ഗനമാർ അദ്ദേഹത്തിൻെറ മാഹാത്മ്യത്തെ വൎണ്ണിച്ചു പാടി നൃത്തം വെച്ചു പാരിജാതപുഷ്പം കൊണ്ടു വൃഷ്ടി ചെയ്തു. വേദവിത്തുക്കളായ മഹാബ്രാഹ്മണർ ശ്രുതിമധുരമായ് രാഗവിസ്തരത്തോടുകൂടി വേദപാരായണം ചെയ്യുന്നതു കേൾക്കുന്നവരുടെ കാതുകൾക്കു അമിതാനന്ദത്തെ ഉണ്ടാക്കി; എന്നുതന്നെയല്ല അവരുടെ പ്രാപഞ്ചികങ്ങളായ എല്ലാ ദുഃഖങ്ങളേയും തീൎത്താശ്വാസമരുളി.

8

കണകുണികൾ കായികം കണകെണികൾ ചായികം
വിറലിയവർ കായികം പറവയവരാടിയം പശയണി
കൾ ചൂളിതം വെശമണികൾ കീരുതം കമ്പരവർ
കായികം കൊമ്പരവർ കുമ്പുരം—പൊരുതുവരു
വീൺപൊരുതുപുരവിവിരുതേററവതുപലയിട
മതിൽ പലവുമിവ്വണമേയഴകിലിവ്വുലകുവാൾ
വരുടെ തിരുവിളൈയെയാടിവരവേ.

അൎത്ഥം

കണകുണികൾ=കണഗുണികൾ— വില്ലിൽ വിരുതന്മാർ—വില്ലാളികൾ, കായികം=കായികാഭ്യാസം, കുണകെണികൾ=ഗുണഗണിക(ക)ൾ—ദേവദാസിമാർ (ദേവദാസികൾക്കും വേശ്യകൾക്കും തമ്മിൽ വലുതായ അന്തരമുണ്ട്. വേശ്യകൾ തനി വ്യഭിചാരികളാണ്; അവരുടെ മുദ്രാവാക്യം "പണമേഗുണം" എന്നു മാത്രമാണ്. ദേവദാസികൾ വ്യഭിചരിക്കുമെങ്കിലും അതിൽ ചില നീതിനെറികളുണ്ടു്. വരുന്ന ആൾ ദേവനാണെന്നാണു അവരുടെ സങ്കല്പം അവൎക്കും പണത്തിലാഗ്രഹമുണ്ടെങ്കിലും അതിനും ചില അതൃത്തിയുണ്ടു്. ഇതാണ് ഗുണഗണികകൾ എന്നു പറഞ്ഞിട്ടുള്ളതു്.) ചായികം= ചാഞ്ചാട്ടം, വിറലിയവർ=സംഗീതവിദ്വാന്മാർ, കായികം=ഗായികം (പാട്ടുകച്ചേരി) പറവയവർ=മയിലുകൾ, ആടിയം=ശോഭനമായ ആട്ടം, പശയണികൾ=ചെറുപൈതങ്ങളുടെക്കൂട്ടം, ചൂളിതം=ചൂളവിളി, വെശമണികൾ=വേശ്യാരത്നങ്ങൾ, കീരുതം=കിളിക്കൊഞ്ചൽ കമ്പരവർ=കമ്പക്കൂത്താട്ടക്കാർ, കൊമ്പരവർ=കൊമ്പനാനകൾ, കുമ്പുരം=കുമ്പു്—കണ്ഠം, ഉരം=ശബ്ദം—കണ്ഠധ്വനി—ഭേരിനാദം; പൊരുതുവരു്=യുദ്ധവീരന്മാർ, വീൺപൊരുതു=കളിയായിട്ടുള്ള യുദ്ധകോലാഹലം, പുരവി=കുതിര, വിരുതേററക=സവാരിചെയ്യുക, ആൾവരുടെ=രാജാവിൻെറ, തിരുവിളൈ=കിരീടധാരണമഹോത്സവം, ആടിവരവേ=കൊണ്ടാടിവരുമ്പോൾ.

ഭാവം

ചിലയിടത്തു വില്ലാളികൾ അവരുടെ ആയുധംകൊണ്ടുള്ള വിരുതു കാണിക്കുന്നു, ചില സ്ഥലത്തു ദേവദാസികൾ നൃത്തം ചെയ്യുന്നു. ചില ദിക്കിൽ ഭാഗവതന്മാരിരുന്നു കച്ചേരി നടത്തുന്നു. അവിടവിടെയായി മയിലുകൾ പീലിവിടർത്തി ആനന്ദത്തോടുകൂടി ചാഞ്ചാടുന്നു. ചെറുപൈതങ്ങൾ സന്തോഷഭരിതരായി ചൂളയിട്ടു പുളയ്ക്കുന്നു. വേശ്യാംഗനമാർ ഒരിടത്തു കൂടിയിരുന്നു് കിളികളെപ്പോലെ കൊഞ്ചിക്കുഴഞ്ഞു രസിക്കുന്നു. കമ്പക്കൂത്താട്ടക്കാർ ചില ദിക്കിൽ അവരുടെ അഭ്യാസങ്ങൾ കാണിക്കുന്നു. വലിയ കൊമ്പനാനകൾ ഗംഭീരമായ ഘോഷാരവം മുഴക്കുന്നു. യുദ്ധവീരന്മാർ ഒരു സ്ഥലത്തു കളിയായി യുദ്ധമുറകൾ നടിക്കുന്നു. ചില ദിക്കിൽ കുതിരയോട്ടം ഇങ്ങനെ പെരുമാളുടെ കിരീടധാരണമഹോത്സവത്തെ പലരും പലവഴിക്കും തങ്ങളാലാവുംവിധം മോടിപിടിപ്പിക്കുന്നു. ആ സമയത്തു്—

9

ഉടുവേഷമൊത്ത മടവാരടുത്തു മണിമഞ്ച
മീതിയരുൾവേൾവിയാളെയടിയോടു പൂശി
യരിയിട്ടു കുറിയടയാളമിട്ടു തിരുവാചകമോ
തിയരുളേ-അരചമുറയരുളേ- അവരുൾക്കുള്ളക്കുമളവേ.

അർത്ഥം

ഉടുവേഷം=വസ്ത്രാലങ്കരണം. വേൾവിയാൾ=മണവാളൻ (സർവ്വാലങ്കാരവിഭൂഷിതനായ രാജാവ്). അടിയോടു പൂശി=ശരീരമാസകലം കുറിക്കൂട്ടുപൂശി. കുറി=പാടി. അടയാളമിട്ടു=സിന്ദൂരതിലകം തൊട്ടു. തിരുവാചകം=ആശിസ്സ്. മുറ=ധർമ്മം.

ഭാവം

ദിവ്യവസ്ത്രങ്ങളാലലംകൃതമാരായ കുലകന്യകമാർ പെരുമാളിരുന്നരുളുന്ന മണിമഞ്ചത്തിനു സമീപം വന്നുനിന്നു് സർവ്വാലംകാരവിഭൂഷിതനായ പെരുമാളെ ശരീരത്തിൽ ചന്ദനം ചാർത്തി സ്തുതിച്ചു് നെററിയിൽ കുംകുമതിലകം തൊടീച്ചു് ആശിസ്സരുളി (കുംകുമതിലകം വിജയത്തിൻെറ ലക്ഷണമാണെന്നഭിപ്രായം) അപ്പോൾ രാജാവ് ആകുലസ്ത്രീകൾക്കു ഉചിതമായ സമ്മാനങ്ങൾ നല്കി. അതു കണ്ടു അവരുടെ മനസ്സു കുളുത്തു.

—o—

# പരിണയത്തിന്റെ പരിണാമം

ടി. കെ. രാമമേനോൻ

(കേക)

വൈപരീത്യത്തിൻ നവമാതൃക; ഭാഗധേയ
വൈഭവം നിർഭാഗ്യത്തിന്നനുകോലായി മാറി.
എന്തൊരു തിരിച്ചടിയിത്രക്കു തരം താഴ്ത്താ-
നെന്തൊരു കുററമാണൊച്ചെയ്തതീവധൂരത്നം !
എറിയാമിറയത്തുനിന്നു മുററത്തേയ്ക്കതിൽ
പറയാൻ വയ്യാത്തുള്ള വൈഷമ്യമുണ്ടാവില്ല.
മണിമാളികയിൽനിന്നൊന്നുമില്ലാത്ത വെറും
മാടത്തിലേക്കുതള്ളുമാക്കർമ്മമന്യായം താൻ
മാനസസരസ്സിങ്കൽ മഗ്നയാകുവാൻ ഭാഗ്യ-
മീനവനീതാംഗിയ്ക്കില്ലെന്നാകിൽ വേണ്ട പോട്ടെ.
പലപലത്തിനും കൂടിയറപ്പുണ്ടാകുമൊരു
പൊൽച്ചെളിക്കുണ്ടിൽ താഴ്ത്താനെന്തിനു തുനിയുന്നു ?
പീയൂഷമശിയ്ക്കുവാനർഹതയില്ലെന്നാകി-
ലീയോഷാമണി കുടിക്കേണമോ ഹാലാഹലം ?
പട്ടണിക്കിടക്കക്കു യോഗമില്ലെങ്കിൽ മണ്ണിൻ-
കട്ടമേൽ കിടക്കേണമെന്നുണ്ടോ വിധിമതം ?
പൂമ്പൊടി മൃദ്വംഗിയാൾക്കലഭ്യമെന്നാൽ വേണ്ട ;
മൺപൊടി പൂശ്ശുമെയ്യിലെന്നെന്തേ കല്പിക്കുന്നു ?
മാന്തളിർത്തോല്ക്കും പട്ടു ചാർത്തിയ ചായലാൾക്കു
പൂന്തുകിലായിത്തീർന്നു പരുക്കൻ ജീർണ്ണവസ്ത്രം !
ഒന്നിനും കുറവില്ലാതിരുന്ന തരുണിയ്ക്കി-
ന്നൊന്നുമില്ലാത്ത നില വരുത്തിത്തീർത്തു ദൈവം.
അല്ലെങ്കിൽ ദൈവത്തെ നാമെന്തിനു പഴിക്കുന്നു
പല്ലവാംഗിതൻ കർമ്മഫലമാണിവയെല്ലാം.
ആത്മഭാവിയെപ്പോലെ ശൂന്യമാമന്തരീക്ഷം
പത്മലോചനയിവൾ നോക്കുന്നുനിർന്നിമേഷം.
കാർമുകിൽക്കരിംഭൂതം നർത്തനം ചെയ്തീടുന്ന
ഭീമമാം വിയത്തുമാത്മനാഥതൻഹൃത്തും തുല്യം.

എങ്ങെങ്ങുനോക്കിയാലും മങ്ങിയ മുഖമല്ലാ-
തങ്ങവൾക്കക്ഷികൾക്കു വിധേയമായില്ലൊന്നും.
ഉച്ചനീചങ്ങൾക്കുള്ള വിടവു കണ്ടാപ്പാവം
നിശ്ചലയായിനിന്നു നാലഞ്ചു നിമേഷങ്ങൾ.
ഓർക്കയായ് സുകുമാരി ഭൂതകാലത്തിൻ ശുഭോ-
ദർക്കങ്ങളനുഭവരൂപങ്ങളോരോന്നായി
ഉണ്ടവൾക്കച്ഛൻ ജനസമ്മതൻ ധനാഢ്യത-
കൊണ്ടാർക്കുമഭിവന്ദ്യൻ കോമളാകാരൻ സൗമ്യൻ.
അപ്പൂർണ്ണശശാങ്കനിൽനിന്നനുസ്യൂതം വീഴും
സ്വച്ഛന്ദസുധാസാരമഗ്നയാണവളന്നാൾ
വത്സലക്കായിട്ടെന്തും സഹിയ്ക്കും പിതാവിന്റെ
വാത്സല്യം കുമാരിയിലൗദ്ധത്യം തെല്ലുണ്ടാക്കി
അമ്മയ്ക്കും ബന്ധുക്കൾക്കും മാതുലന്മാർക്കുമവൾ
കണ്മണിയായി പ്രാണതുല്യയായ് സർവ്വസ്വയായ്
ബന്ധുക്കൾക്കഭീഷ്ടദയായി; നാമിപ്പോൾക്കാണും
ബന്ധുരാംഗിയിലന്നു യൗവന പൂമൊട്ടിട്ടു.
ചെയ്തുപോയപരാധം—പ്രേമത്തിൻ പേരിലൊരു
ചെയ്തി—യസ്പൃശ്യകരഗ്രഹണം—പരിണയം.
വെളിയിൽപ്പോലുമില്ല സ്വാതന്ത്ര്യം തനിയ്ക്കെന്നു
നാളീകവിലോചന ചെറ്റുമോർത്തീലയല്ലോ.
അല്ലെങ്കിലേതുകാലത്താണു പുരുഷവർഗ്ഗം
മല്ലാക്ഷിമാർക്കു നിജസ്വാതന്ത്ര്യം നല്കീട്ടുള്ളു.
അവർക്കീപ്രമാണങ്ങളെപ്പോഴും തോന്നും "പെണ്ണു
പിതാവിന്നടിമയാണവൾതൻ ബാല്യത്തിങ്കൽ
യൗവനമായാൽപ്പിന്നെ വല്ലഭന്നടിമയാ-
ണവൾക്കു വാർദ്ധക്യത്തിൽ സ്വാമിയാകണം പുത്രൻ".
ഇന്നുമീപ്രമാണങ്ങൾക്കപ്പുറം കടക്കുവാൻ
തോന്നിയാൽ നാരിയ്ക്കുള്ള ഭവിഷ്യത്തിവയെല്ലാം.
എന്നു നമ്മുടെനാടീപ്രമാണം ചാമ്പലാക്കു-
മന്നുതാൻ കൈവല്യമീരാജ്യത്തിന്നുണ്ടായിടൂ.

# എഴുത്തച്ഛനും കൊച്ചിമഹാരാജാവും

സാമൂതിരിയിൽനിന്നും ഒട്ടും പിന്നോക്കമല്ലാത്ത പ്രാബല്യത്തോടുകൂടി അന്നു കൊച്ചിയും സ്വതന്ത്രമായ് ഭരണം നടത്തിയിരുന്നു. അന്നത്തെ കൊച്ചിരാജവംശത്തിലെ "കുലഗുരുസ്ഥാനം" കേരളാചാര്യനായ ശ്രീ. തുഞ്ചത്തെഴുത്തച്ഛനുണ്ടായിരുന്നു എന്നറിയുമ്പോൾ നമുക്കു എന്തെന്നില്ലാത്ത ഒരാനന്ദത്തിന്നാണു് അവകാശമുണ്ടാകുന്നതു്. കൊല്ലമാണ്ടു് 722-ൽ തീപ്പെട്ട കൊച്ചിമഹാരാജാവു് ശ്രീരാമവർമ്മ തിരുമനസ്സുകൊണ്ടു് എഴുത്തച്ഛൻെറ ശിഷ്യനായിരുന്നു. ആ രാജാവിനെ കേരളഗുരുശിഷ്യനാക്കിയ കഥ കുറെ രസകരമായിട്ടുള്ളതാകയാൽ താഴെ ചേർക്കുന്നു.

"കേരളത്തിലെങ്ങും കൊല്ലും കൊലയും നടക്കുന്നകാലം—അതിൽ പ്രധാനമായി തമ്മിലേറമുട്ടി ഘോരമായി പൊരുതിയിരുന്നതു കൊച്ചിയും കോഴിക്കോട്ടുമായിരുന്നു. എഴുത്തച്ഛനെപ്പോലുള്ള മഹാത്മാക്കൾക്കു അത്തരം യുദ്ധങ്ങളും കലഹങ്ങളും എത്രമാത്രം രുചിച്ചിരിക്കുമെന്നു നമുക്കു ഊഹിക്കാമല്ലൊ. പലപ്പോഴും സാമൂതിരിയോടു എഴുത്തച്ഛൻ യുദ്ധങ്ങളുടെ ജയാപജയങ്ങളെക്കുറിച്ചു ഗുണദോഷിച്ചിരുന്നതൊന്നും അത്ര ശോഭിച്ചില്ല. ഒരിക്കൽ സാമൂതിരി കൊച്ചിരാജ്യത്തെ ആക്രമിച്ചു ഭയങ്കരമായി പൊരുതി അപാരാര്യമായ നഷ്ടകഷ്ടങ്ങൾചെയ്തു വിജയശ്രീലാളിതനായി മടങ്ങി. സാമൂതിരിയുടെ ആൾക്കാർ കൊച്ചികോവിലിനകത്തുചെന്നു നിരപരാധികളായിരുന്ന തമ്പുരാട്ടിമാരേയും കൂടി ഹിംസിച്ചിരുന്നുവെന്നാണു് ഈ കഥക്കു അടിസ്ഥാനമായ രേഖയിൽനിന്നു ഊഹിക്കേണ്ടതു്. സാമൂതിരിയുടെ ഈ ആക്രമണത്തിന്നുള്ള ശിക്ഷകൊടുക്കുവാൻ കൊച്ചിമഹാരാജാവു തക്കവും തരവും കാത്തിരിക്കയായിരുന്നു. അന്നത്തെ വലിയതമ്പുരാൻ 689-ാമാണ്ടിൽ തീപ്പെട്ടു. എഴുത്തച്ഛൻെറ ശിഷ്യനും 722-ൽ തീപ്പെട്ട മഹാരാജാവും ആയ ശ്രീരാമവർമ്മ തിരുമനസ്സുകൊണ്ടാണു് പിന്നീടു സ്ഥാനാരോഹണം ചെയ്തതു്. ഇദ്ദേഹം മഹാവിദ്വാനും, ബുദ്ധിമാനും അതിധീരനുമായിരുന്നു. 696-ാമാണ്ടിടക്കു കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു വമ്പിച്ച ഒരു സൈന്യത്തെ ശേഖരിച്ചു തൻെറ അനന്തിരവൻ വീരകേരളനെന്ന മൂന്നാംകൂറ തമ്പുരാൻെറ നേതൃത്വത്തിൽ സാമൂതിരിയോടു പൊരുതുവാനായി അയച്ചു,

മഹാരാജാവുതന്നെ സൈന്യാധിപത്യം സ്വീകരിച്ചു കോഴി

കോട്ടക്കു പോയതായിട്ടും പറയുന്നുണ്ടു്. അവിചാരിതമായി വന്നെത്തിയ വമ്പിച്ച കൊച്ചി സൈന്യത്തെ കണ്ടു സാമൂതിരിയും ആൾക്കാരും അമ്പരന്നുപോയി. യുദ്ധത്തിന്നുവേണ്ട യാതൊരൊരുക്കങ്ങളും സാമൂതിരി ചെയ്തിരുന്നില്ല. ഭയാക്രാന്തരായിത്തീൎന്ന നമ്പൂരിമാരും അന്തൎജ്ജനങ്ങളും മററുള്ളവരും സാമൂതിരി കോവിലിന്നകത്തു കയറി അഭയംപ്രാപിച്ചു. സാമൂതിരിയും മററുള്ള ഉദ്യോഗസ്ഥന്മാരും എല്ലാം ഇതികൎത്തവ്യതാമൂഢരായി എന്തു വേണ്ടുവെന്നാലോചിച്ചിരിക്കുമ്പോഴാണു് ദേശസഞ്ചാരത്തിന്നുപോയിരുന്ന എഴുത്തച്ഛനും ശിഷ്യന്മാരും മടങ്ങിയെത്തിയതു്. ഗുരുനാഥനെ കണ്ടപ്പോൾ സാമൂതിരിക്കും മററുള്ളവൎക്കും അല്പം മനസ്സമാധാനമായി. എഴുത്തച്ഛൻ വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി. അത്യന്തം തുച്ഛമായ ധനാഭിമാനത്താൽ അഹങ്കരിച്ചു് മദോന്മത്തരായ് യുദ്ധംചെയ്തു നശിച്ചുപോകുന്ന മൂഢതയെക്കുറിച്ചു അദ്ദേഹം ആ സമയത്തു സാമൂതിരിയോടു ഗുണദോഷിച്ചു; യുദ്ധംകൂടാതെ കഴിച്ചുതരേണമെന്നു സാമൂതിരി പലവുരു അപേക്ഷിച്ചു. ഒടുവിൽ എഴുത്തച്ഛൻതന്നെ അവിടെ ഉണ്ടായിരുന്ന നമ്പൂതിരിമാരിൽ ചിലരെ അകമ്പടികൂട്ടി കൊച്ചിമഹാരാജാവിൻെറ പാളയത്തിലേക്കു പോയി. ശാന്തിരസം വഴിഞ്ഞൊഴുകുന്ന ആ മുഖാരവിന്ദത്തിൽ വിളങ്ങിയിരുന്ന ദിവ്യതേജസ്സുകണ്ടപ്പോൾ പാറാവുനിന്നിരുന്നവർ യാതൊരു തടസ്സവും ചെയ്യാഞ്ഞതുകൊണ്ടായിരിക്കും അദ്ദേഹത്തിന്നു നിഷ്പ്രയാസം രാജസന്നിധിയിലേക്കു പ്രവേശനം ലഭിച്ചതു്. പ്രഥമ ദൃഷ്ടിയിൽതന്നെ ആ വന്ന ആൾ സാമാന്യനല്ലെന്നു തമ്പുരാന്നു മനസ്സിൽ തോന്നിയിരിക്കണം. രാജാവും അസാമാന്യവ്യുല്പന്നനായിരുന്നുവല്ലൊ. ഒടുവിൽ ആ വന്നിട്ടുള്ളതു സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛനാണെന്നു തമ്പുരാന്നു മനസ്സിലായപ്പോൾ അദ്ദേഹത്തിന്നു വളരെ സന്തോഷമുണ്ടായി. തുഞ്ചൻെറ പേരും പെരുമയും കേട്ടിരുന്നതേയുള്ളു. അപ്പോൾ കാണുവാനും സംഗതിയായതുകൊണ്ടാണു് തമ്പുരാൻ സന്തോഷിച്ചതു്. എഴുത്തച്ഛൻ യുദ്ധത്തിൻെറ നിരൎത്ഥതയേയും അതുകൊണ്ടുണ്ടാവുന്ന നാശത്തേയും മററും കുറിച്ചു് രാജാവിനോടു ഗൌരവമായി ഉപദേശിച്ചു. അദ്ദേഹത്തിൻെറ അഗാധമായ ജ്ഞാനവും അസാമാന്യമായ വാക്ക്പാടവവും സൎവ്വോപരി ആ വാക്കുകളിൽ അടങ്ങിയിരുന്ന തത്വങ്ങളും വിദ്വാനായ രാജാവിനെ വശീകരിച്ചിരിക്കണം. അവിടെവെച്ചുതന്നെ എഴുത്തച്ഛൻ രാ

ജാവിന്നു ജ്ഞാനോപദേശം ചെയ്തു. അങ്ങനെ കൊച്ചിമഹാരാജാവു എഴുത്തച്ഛന്റെ ശിഷ്യനായി. സാമൂതിരിപ്പാട്ടിന്നു യുദ്ധത്തിൽനിന്നു രക്ഷയും സിദ്ധിച്ചു.

കോഴിക്കോട്ടുവെച്ചു ജ്ഞാനോപദേശം ചെയ്തതു വീരകേരളവൎമ്മക്കാണെന്നും ആ വിവരങ്ങളെല്ലാം കാണിച്ചു അദ്ദേഹം മഹാരാജാവു തിരുമനസ്സിലേക്കു എഴുതിയപ്പോൾ എഴുത്തച്ഛന്റെ ആജ്ഞപ്രകാരം സാമൂതിരിയോടു സന്ധിചെയ്തു അദ്ദേഹത്തേയുംകൂട്ടി തൃപ്പൂണിത്തുറക്കു മടങ്ങേണമെന്നും ലഭിച്ച മറുപടി അനുസരിച്ചു എഴുത്തച്ഛൻ തൃപ്പൂണിത്തുറയിൽ എത്തി അവിടെവെച്ചു മഹാരാജാവിന്റെ ഗുരുസ്ഥാനം സ്വീകരിച്ചു എന്നും പറയുന്നുണ്ടു്. ഏതായാലും കൊച്ചിരാജാവിന്റെ ഗുരുസ്ഥാനം ലഭിക്കുവാനിടയായതു ഇങ്ങിനെ ഒരു യുദ്ധം കാരണമാണ്:

ഈ സംഭവത്തിനുശേഷം ഒന്നുരണ്ടു തവണകളിൽ മാത്രം—മററുള്ള ഇടപ്രഭുക്കന്മാർ തമ്മിൽ കലഹിച്ചിരുന്നപ്പോൾ—അവർ തമ്മിലുണ്ടായിട്ടുള്ള ഉടമ്പടി അനുസരിച്ചു കൊച്ചിയും കോഴിക്കോട്ടും ഓരോ കക്ഷിയിൽ ചേൎന്നു യുദ്ധത്തിൽ പങ്കെടുത്തിട്ടുള്ളതല്ലാതെ എഴുത്തച്ഛന്റെ മഹാസമാധിവരെ കൊച്ചിയും കോഴിക്കോട്ടും തമ്മിൽ നേരിട്ടു പൊരുതീട്ടുള്ളതായറിയുന്നില്ല.

മേലെഴുതിയ സംഭവങ്ങളെ തെളിയിക്കുന്നതായ ഏതാനും ചില ഗ്രന്ഥവരികൾ കോട്ടക്കൽ കിഴക്കെ കോവിലകത്തുള്ളതിൽ ദ്രവിച്ചുപോയ ഒരോലക്കഷ്ണത്തിൽ

"ആഹവമാഹം ക്ഷമ്യം
കക്കാടകോടാധിപം ക്ഷമ്യം
………………………………
……………………അഹംതുഞ്ചൻ"

ഇങ്ങിനെ ഒരു ഭാഗം മാത്രം കാണുന്നുണ്ടു്. ഇതിലെ "ആഹവമാഹംക്ഷമ്യം" എന്നുള്ളതു അന്നത്തെ കലിയാണത്രെ.

മേലെഴുതിയ യുദ്ധസംഭവങ്ങളെ തെളിയിക്കുന്നതായ മററു വല്ല ലക്ഷ്യങ്ങളുമുണ്ടോ എന്നാണു ഇനി പരിശോധിക്കേണ്ടതു്. ഈ യുദ്ധത്തെ സംബന്ധിച്ചു ഏതാണ്ടു ഒരു വിവരണം കൊച്ചി സ്റ്റേററ മാന്വലിൽ നിഴലിച്ചു കാണുന്നുണ്ടു്. അതിൽ ഇപ്രകാരമാണ് വിവരിച്ചുകാണുന്നതു്. "കൊച്ചി രാജാവു തന്റെ അമ്മാമന്മാരുടെ മരണത്തിന്നു പക പോക്കുവാൻ ഇനിയും കച്ച തിരുമ്മിക്കൊണ്ടുതന്നെ ഇരിക്കുകയായിരുന്നു. കാൎയ്യം സാധിക്കുന്നതിന്നു എ

പ്പോഴും തക്കവും നോക്കിക്കൊണ്ടിരുന്നു. എ. ഡി. 1521-ൽ ഒരു നല്ല തരം കിട്ടിയെന്നു കരുതി 50,000 നായന്മാരോടു കൂടി അദ്ദേഹം കോഴിക്കോട്ടുക്കു പട പുറപ്പെടുകയും ചെയ്തു. പറങ്കികൾ സാമൂതിരിയായി ചെയ്തിട്ടുള്ള ഉടമ്പടിയെ വകവെക്കാതെ അദ്ദേഹത്തെ സഹായിക്കുന്നതിന്നു കുറെ പേരെ അയച്ചുകൊടുത്തു. എന്നാൽ—ബ്രാഹ്മണർ—എന്നാണ് പറയുന്നതു്—സന്ധിസംസാരിക്കുക നിമിത്തം അദ്ദേഹത്തിന്നു പട പൊരുതാതെതന്നെ പിന്നോക്കം തിരിക്കേണ്ടതായി വന്നു—. ഡച്ചുചരിത്രകാരനായ ഡാൻവേർസ്സ് എന്നാളും ഈ സംഗതി—ബ്രാഹ്മണർ സന്ധിസംസാരിച്ചു തീർത്തതായിട്ടാണു വിവരിക്കുന്നതു്. ഡാൻവേർസ്സ് ആ കാലത്തുണ്ടായിരുന്ന ദൃക്സാക്ഷിയായതുകൊണ്ടു അദ്ദേഹം പറയുന്നതിന്നു കുറേ കൂടി വിലയുണ്ടു്. അദ്ദേഹം പറഞ്ഞിട്ടുള്ളതു ഇപ്രകാരമാണു്. "ഒരു നമ്പൂതിരി ബ്രഹ്മണൻ തലവനായി മററു നമ്പൂരി ബ്രാഹ്മണർ അകമ്പടിയായി കൊച്ചിപാളയത്തിൽ ചെന്നു രാജാവിനെ ശപിക്കുമെന്നു ഭയപ്പെടുത്തി സന്ധിചെയ്തുഎന്നാണു്." ഇവിടം സ്റ്റേററമാനുവലിൽ അപൂർണ്ണമായിരിക്കുന്നു. ഡാൻവേർസ്സ് പറയുന്നതിൽ അല്പം ആലോചിക്കേണ്ടതുണ്ടു്. കൊച്ചിക്കു സംഭവിച്ച അളവററ നാശത്തിന്നു പകവീട്ടുവാൻ തക്കവും തരവും കിട്ടി ദൃഢപ്രതിജ്ഞയോടുകൂടിവന്ന ഒരു ക്ഷത്രിയ രാജാവിനെ നമ്പൂതിരിമാർ ശപിക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തി എന്നതു എങ്ങിനെ വിശ്വസിക്കും! അത്രമാത്രം ഭീരുവും വിഡ്ഢിയും ആയ ഒരു രാജാവു സൈന്യാധിപനായി ഒരിക്കലും യുദ്ധത്തിന്നു പോകയില്ല.

ഡാൻവേർസ്സും സ്റ്റേററമാനുവലും പറയുന്ന മാതിരി നമ്പൂരിമാർ സന്ധി സംസാരിച്ചുവെന്നു വിചാരിപ്പാനും ന്യായമില്ല. അങ്ങിനെ ആണെങ്കിൽ അതിന്നുമുമ്പു പലപ്പോഴും യുദ്ധങ്ങൾ ഉണ്ടായിരുന്ന കാലത്തു ഈ നമ്പൂരിമാരെല്ലാം എവിടെയായിരുന്നു! അന്നെല്ലാം അവർ എന്തുകൊണ്ടു സന്ധിക്കാലോചിച്ചില്ല. എന്നിങ്ങനെ അനേകം ചോദ്യങ്ങൾക്കവകാശമുണ്ടു്.

അന്നത്തെ നമ്പൂരിമാരെപ്പോലെയൊ അവരിലധികമോ ഓജസ്സും തേജസ്സുമുണ്ടായിരുന്ന എഴുത്തച്ഛനെ വിദേശികളായ പറങ്കികൾക്കും ഡച്ചുകാക്കും മററു നമ്പൂരിമാരിൽനിന്നും വേർതിരിച്ചു മനസ്സിലാക്കുവാൻ സാധിക്കാഞ്ഞതുകൊണ്ടായിരിക്കും അവർ ബ്രാഹ്മണർ എന്നുമാത്രം പറഞ്ഞതു്. ഇതു അവക്കു പററിപോയിട്ടുള്ള പ്രമാദമെന്നേ പറയേണ്ടു.

ശ്രീകോപ്പസ്വാമികളുടെ വകയായുള്ള ഗ്രന്ഥശേഖരത്തിൽ ഒരിടത്തു

"പൂന്തുറക്കളയമേകിയതറിഞ്ഞു
ഭൂമിപന്നറിവുനൽകിയതറിഞ്ഞു
ആഹവത്തെയടിവെട്ടിയതറിഞ്ഞു
ആനമേലെഴുനെള്ളിയതറിഞ്ഞു

അന്നു തൊട്ടവനിപാലനാർ കുലഗുരുവായവിടെത്തിലിളകൊണ്ടു വാണതൊരു ചേതിയുമറിഞ്ഞു" എന്നു പ്രസ്താവിച്ചുകാണുന്നുണ്ടു. ഇതു ആദ്യം പറഞ്ഞ കഥക്കു ഉപോൽബലമായിരിക്കുന്നുണ്ടു്. ഇവിടെ ഭൂമിപൻ എന്നു പറഞ്ഞിട്ടുള്ളതു കൊച്ചിമഹാരാജാവിനെ ഉദ്ദേശിച്ചാണു എന്നു സ്പഷ്ടമാകുന്നുണ്ടു്. കൊച്ചിയിലേക്കു കോഴിക്കോട്ടുനിന്നു ശ്രീ. ഗുരു എഴുനെള്ളിയതു ആനപ്പുറത്താണു്. അന്നു മുതല്ക്കാണു് നമ്മുടെ കേരളാചാര്യൻ കൊച്ചിരാജാവിൻെറ കുലഗുരുവായിതീൎന്നതു്.

എഴുത്തച്ഛൻ കൊച്ചിമഹാരാജാവിൻെറ ജ്ഞാനോപദേഷ്ടാവായി ഇരുന്നിട്ടുള്ളതിന്നു ജന്മാധാരലക്ഷ്യത്തിലെ "കോത്തിരുമന്നവക്കും ജ്ഞാനമരുളോരായ്" എന്ന ഭാഗം വ്യക്തമാക്കുന്നുണ്ടു്.

കൊച്ചിമഹാരാജാവിൻെറ മന്ത്രിയായ പാലിയത്തച്ചൻ (ജയന്തേശൻ) വന്നു മഹാരാജാവിൻെറ ഒരു തിരുവെഴുത്തുനല്കി എഴുത്തച്ഛനെ അവരോധത്തിന്നു (കിരീടധാരണത്തിന്നു) എഴുന്നെള്ളിച്ചുകൊണ്ടുപോയതായും അവിടെനിന്നും "ശംഭുദേവൻ വാണരുളും അമ്പലം" (തിരുവഞ്ചിക്കുളം) കണ്ടു് ആ വഴിക്കു കോട്ട പുക്കു അപ്പനേയും (തൃപ്പൂണിത്തുറയപ്പൻ) കണ്ടു് കഴൽ കുപ്പി കോവിലകത്തു ചെന്നു ചിലനാൾ പാൎത്തു് അകമ്പടിയോടുകൂടി അകവൂർ (അഘോരമനയായിരിക്കാം. എഴുത്തച്ഛൻെറ അച്ഛനായി ബന്ധപ്പെട്ട ഒരു മനയാണു അകവൂർ) മുതലായ ഇടങ്ങളിൽ പോയി തൃശ്ശിവപേരൂർ വന്നു കുറച്ചുദിവസം അവിടേയും പാൎത്തു് ഒടുവിൽ ഗുരുവായൂൎക്കു പോയതായി കുട്ടിരാമനെഴുത്തച്ഛൻെറ "അരിയാട്ടു മുടിചൂടൽ" എന്നൊരു അപ്രകാശിതഗ്രന്ഥത്തിൽ ഒരു വിവരണം കാണുന്നതിൽനിന്നു് എഴുത്തച്ഛന്നും കൊച്ചിരാജകുടുംബത്തിന്നും തമ്മിലുണ്ടായിരുന്ന ബന്ധത്തെ ഏറെക്കുറെ വെളിപ്പെടുത്തുന്നുണ്ടു്.

———:о:———

# ക്ഷമിക്കണം !

(എം. സി. കെ. നമ്പ്യാർ, വടകര.)

എങ്ങുനീ, യെങ്ങുനീ സത്യസംവർദ്ധിനി,
എങ്ങുനീ, യെങ്ങുനീ സർവ്വസംവ്യാപിണി ?
ആരാഞ്ഞലയുന്നു നിന്നെ ഞാൻ പാരിലും
വാരാകരത്തിന്റെ ഭീകരഗർത്തത്തിലും
ആരാലണഞ്ഞ തായ്ത്തോന്നി ഞാൻപുല്കുവെ,
ആരാലകന്നു നീ പോകുന്നു നിർദ്ദയം.
മുററും പരിഭവം പൂണ്ടൊരു മട്ടുഞാൻ
ചൊററുമൽഭാവനാമഞ്ജുള പഞ്ജരെ,
ബന്ധിച്ചിരിക്കുമോ, നിന്നെ-യല്ലെങ്കിലെ-
ന്തെന്തിത്രവൈരം വരാൻ വരദായിനി ?

പൂവിൽ പരിമളം പൂശിയ ചെഞ്ചുണ്ടിൽ
താവിനോരല്പസ്മിതാങ്കുരമാണു നീ;
ഈടാർന്ന താമര സത്തശിച്ചാ രമി-
ച്ചീടുന്ന വണ്ടിൻ മധുര രാഗാമൃതം;
വാരുററ സത്യപ്രകാശമമലമാം
കാരുണ്യസത്തിൻ കടാക്ഷനിരീക്ഷണം-
ഹാ, കുളുർമേനിയെന്നാറോട്ടു ചേരുകി-
ലായിരംവട്ടം പുണർന്നാവു നിന്നെ ഞാൻ!
സൌഹിത്യമേലാതെ നിന്റതിനോട്ടമ-
ദ്ദേഹിയെഗ്ഗാഢാലമർത്തിപ്പിടിക്കവെ,
ചേലിലലിഞ്ഞു ഞാൻ ചേർന്നേനെ കാനന-
ച്ചോലകൾ തങ്ങളിൽ ചേരുന്ന മാതിരി.
ആരാഞ്ഞലയുന്നു നിന്നെ വെളിയിലും
കൂരിരുട്ടിന്റെ യഗാധോദരത്തിലും
ഉൾക്കൊതി പൂണ്ടടുക്കുന്തോറുമെന്നെ, നീ,
ചക്രവാളംപോലെ വിട്ടുപോകുന്നുഹാ.
എന്നല്ലവ തമസത്തിന്നിടക്കദയ,
നിൻ നിഴൽകണ്ടുമോഹിക്കുന്നു കേവലം:

മിന്നാമിനുങ്ങെങ്ങമരപഥങ്ങളിൽ
മിന്നുന്നതാരമെങ്ങന്യൂനതേജസാ ?
ആരുനീ, മർത്ത്യനെക്കാനൽ ജലംപോലെ
മോഹിതനാക്കുന്ന ദിവ്യപ്രകാശമേ ?—
ആനന്ദമെന്നെപേരാലറിയുന്ന നീ-
യാരെന്നോ,—തെറ്റെന്നിലെങ്കിൽ ക്ഷമിക്കണം.

(ശുഭം.)

———•———

# നിർവ്വാഹകസംഘനിവേദനം

## പറളി ഹൈസ്കൂൾ

1958 ഡിസംബ്ര് 20-ാംനു- ഞായറാഴ്ച, വൈകന്നേരം ശ്രീ. കെ. പി. കേശവമേനോൻെറ അധ്യക്ഷതയിൽ ഈ ഹൈസ്കൂളിൻെറ ആറാമത്തെ വാഷികദിനം കൊണ്ടാടി. തദവസരത്തിൽ "സംഗീതരാമായണം—സീതാകല്യാണം" അഭിനയിക്കുന്നുണ്ടെന്നുള്ള വിവരം ഒരു മാസം മുൻകൂട്ടി ഹെഡ്മാസ്റ്റർ ഞങ്ങൾക്കെഴുതിയിരുന്നു. അതു കണ്ടപ്പോൾ ഞങ്ങൾ അത്യാനന്ദഭരിതരായി. നാടകത്തിൽ പങ്കെടുക്കുന്ന കുട്ടികൾ ഓരോരുത്തക്കും ഉചിതമായ സംഭാവനകൾ കൊടുക്കേണമെന്നുദ്ദേശിച്ച് അവരുടെ പേരും വിവരവും Rehearsal കാലത്തുള്ള അഭിനയപാടവവും മററും വിശദമായി എഴുതിഅറിയിക്കണമെന്നപേക്ഷിച്ച് അപ്പോൾതന്നെ ഹെഡ്മാസ്റ്റക്ക് ഒരു മറുപടി എഴുതിഅയക്കയും, ഒരാഴ്ച കഴിഞ്ഞശേഷം, സിക്രട്ടറി സ്കൂളിൽ നേരിട്ടുപോയി ഹെഡ്മാസ്റ്ററെകണ്ടു എല്ലാ വിവരങ്ങളും വിശദമായി പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ എന്തു സംഗതിവശാലോ ഹെഡ്മാസ്ററരിൽനിന്നു അതിനുശേഷം, ഞങ്ങൾക്കു യാതൊരു വിവരവും ലഭിച്ചിട്ടില്ല. പിന്നീട് 20-ാംനു-__വാഷികദിനം—കാലത്തു്, സമ്മാനം കൊടുക്കുവാൻ വേണ്ട എല്ലാ ഏപ്പ്പാടുകളോടുംകൂടി സിക്രട്ടറി ഈ സ്കൂളിൽചെന്നു ഹെഡ്മാസ്ററരെ കണ്ടു. അപ്പോഴും അദ്ദേഹം ഈ വിവരത്തെപ്പററി യാതൊന്നും സംസാരിച്ചില്ല. തന്നിമിത്തം ഇഷ്ടമുള്ള ആൾക്കെങ്കിലും കൊടുക്കുക എന്നു പറഞ്ഞു രണ്ടു വലിയ രാമായണം പുസ്തകം മാത്രം

കൊടുത്തു ഭഗ്നോത്സാഹനായി സിക്രട്ടറി മടങ്ങുകയാണുണ്ടായതു്.

ആ പുസ്തകങ്ങൾതന്നെ ആക്കാണു് കൊടുത്തിട്ടുള്ളതു എന്നു പോലും ഇതേവരെ ഹെഡ്മാസ്റ്റർ ഞങ്ങളെ അറിയിച്ചിട്ടില്ല. തുഞ്ചത്തെഴുത്തച്ഛനോടൊ, ആ പാവനനാമധേയത്തിൽ, എന്തു കഷ്ടനഷ്ടങ്ങളും സഹിച്ചു് വിദ്യാർത്ഥികളുടെ അഭ്യുദയത്തിൽ ആകാംക്ഷയോടുകൂടി അതിപ്രയത്നം ചെയ്തുവരുന്ന ഈ മാസികപ്രസ്ഥാനത്തോടോ, അഥവാ, മാന്യന്മാരായ സ്കൂൾ ഭാരവാഹികളോടോ വിദ്യാർത്ഥീ വിദ്യാർത്ഥിനികളോടോ, തന്നോടുതന്നേയൊ ഉള്ള ഒരു അവഹേളനമാണിതെങ്കിൽ ഹെഡ്മാസ്റ്ററുടെ ആ മനസ്ഥിതിയെപ്പററി ഞങ്ങൾ നിർവ്യാജം പരിതപിക്കുന്നു.

——o——

# വിദ്യാർത്ഥി പംക്തി

## ഗുരുകൃത്യം

(പണ്ഡിതരാജൻ കെ. അച്യുതപ്പൊതുവാൾ)

“രാജവൽപഞ്ചവർഷാണി ദശവർഷാണി ദാസവൽ
പ്രാപ്തേതു ഷോഡശേ വർഷേ പുത്രം മിത്രവദാചരേൽ”

ഈ സംസ്കൃതപദ്യം പലക്കും പരിചിതമായിരിക്കും. അഞ്ചു വയസ്സു കഴിയുന്നതുവരെ പുത്രനെ രാജാവിനെപ്പോലെ കരുതണമത്രെ! ഇതിനെന്താണു താല്പര്യം? രാജാവിനെപ്പോലെത്തന്നെ കുട്ടിയേയും ബഹുമാനിയ്ക്കയും ആചാരോപചാരങ്ങളോടുകൂടി വന്ദിയ്ക്കയും വേണമെന്നാണോ? അതല്ല, രാജാനുവർത്തനത്തിലും രാജപ്രീതി സമ്പാദനത്തിലും നമുക്കെത്രത്തോളം ഔത്സുക്യമുണ്ടോ അത്രത്തോളംതന്നെ കുട്ടികളെ സന്തോഷിപ്പിയ്ക്കുന്നതിലും അവരുടെ സ്നേഹം സമ്പാദിക്കുന്നതിലുമുണ്ടാകണമെന്നും, സന്താനങ്ങളുടെ ഹിതവും ഇഷ്ടവും സ്വയം അറിഞ്ഞു കഴിവുള്ളേടത്തോളം അതനുസരിച്ചു് പ്രവർത്തിയ്ക്കണമെന്നും, അവരുടെ അഭിലാഷങ്ങളും ആവശ്യങ്ങളും നിവൃത്തിയുള്ളേടത്തോളം സാധിപ്പിയ്ക്കണമെന്നുമാണു്. ചിലപ്പോൾ അവർ ആവശ്യപ്പെടുന്നതു് തീരെ അർത്ഥമില്ലാത്തതായേക്കാം. “അച്ഛൻ കണ്ണടച്ചാലെ ഉണ്ണി പാൽ കുടിയ്ക്കൂ” എന്നു് കുട്ടി പറഞ്ഞാൽ അതു അർത്ഥമില്ലാത്ത ആവശ്യമാണു്. അച്ഛൻെറ കണ്ണടയ്ക്കലിന്നും കുട്ടിയുടെ പാൽ കുടിയ്ക്കും യാതൊരു ബ

ന്ധവും വാസ്തവത്തിലില്ലല്ലോ. എങ്കിലും ആ ആവശ്യം നാം നിറവേറുകതന്നെ വേണം. സന്ധ്യമയങ്ങുമ്പോൾ ഗഗനതലത്തിൽ വൈരക്കല്ലുകൾപോലെ തിളങ്ങുന്ന നിരവധി നക്ഷത്രങ്ങളെക്കാണുന്ന കുട്ടി—പെൺകുട്ടിയാണെങ്കിൽ പ്രത്യേകിച്ചും—അതു കുറെ പെറുക്കിയെടുത്തു് ഭംഗിയിൽ കോർത്തു് ഒരു മാലയുണ്ടാക്കിത്തരണമെന്നു് ആവശ്യപ്പെട്ടേക്കാം. നക്ഷത്രങ്ങൾ കാഴ്ചയിൽ നമുക്കു തോന്നുന്നതുപോലെ ചെറുതല്ലെന്നും, അനേകലക്ഷം ദൂരത്തുള്ള വലിയ തേജോഗോളങ്ങളാണെന്നും, അതെടുക്കുവാനും മാല കോർക്കുവാനും ആർക്കും സാദ്ധ്യമല്ലെന്നും കുട്ടിയോടു പറഞ്ഞതുകൊണ്ടു ഫലമില്ല. കുട്ടിയുടെ ദൃഷ്ടിയിൽ അച്ഛൻ ലോകത്തിൽ ഏററവും വലിയ ആളാണ്. എന്തിനും കഴിവുള്ളാളുമാണ്. അച്ഛനെ ഭയപ്പെട്ടിട്ടല്ലെ മരപ്പട്ടിയും "രണ്ടുകണ്ണൻ പാച്ചി"യും ഉണ്ണിയെ ഉപദ്രവിയ്ക്കാതിരിക്കുന്നതു്! അത്രത്തോളം പ്രതാപശാലിയായ അച്ഛനു് ദുസ്സാധമായിട്ടെന്തുണ്ടു് ലോകത്തിൽ! ആവക സന്ദർഭങ്ങളിൽ കളിക്കോപ്പുകൾകൊണ്ടും മററും പ്രലോഭിച്ചോ കഥാന്തരങ്ങൾകൊണ്ടു വിചാരം മാററിയോ ഇക്കഥ മറപ്പിയ്ക്കുകയല്ലാതെ മററു ഗതിയില്ല. ഇങ്ങിനെ കുട്ടികളുടെ ഉല്ലാസത്തിന്നും ഉന്മേഷത്തിന്നും ഹാനിവരുത്താതെ കഴിവുള്ളേടത്തോളം ആഗ്രഹം സാധിപ്പിച്ചുകൊണ്ടും ഹിതമനുവർത്തിച്ചുകൊണ്ടും വളർത്തണമെന്നാണ് "രാജവൽപഞ്ചവർഷാണി" എന്നതിന്റെ താൽപര്യം.

അഞ്ചുവയസ്സു കഴിഞ്ഞതിനുശേഷം പത്തുകൊല്ലം—15 വയസ്സുകഴിയുന്നതുവരെ—ദാസനെപ്പോലെ—ഒരു വേലക്കാരനെപ്പോലെ—കരുതണം. ലാളനകാലം 5 വയസ്സു തികഞ്ഞതോടെ കഴിഞ്ഞു. പിന്നീടു് ശാസനകാലമാണ്. ആവശ്യപ്പെടുന്നതെല്ലാം സാധിപ്പിച്ചു് കുട്ടിയെ തൃപ്തിപ്പെടുത്തുകയല്ല അക്കാലത്തെ കർത്തവ്യം. പിന്നെയോ? ആരോഗ്യത്തിനും ആവശ്യത്തിന്നും വേണ്ടതായ ആഹാരവസ്ത്രാദികൾ കൊടുത്തു് പ്രവൃത്തിശീലമുണ്ടാക്കുകയാണ്. ഓരോ സമയത്തു് ഓരോ പ്രവൃത്തികൾ നിശ്ചയിച്ചു് നീക്കുപോക്കുവരുത്തുവാനനുവദിയ്ക്കാതെ നിർബ്ബന്ധിച്ചും ശാസിച്ചും വേണ്ടിവന്നാൽ ശിക്ഷിച്ചും അതുചെയ്യിപ്പിയ്ക്കണം. ദുശ്ശീലങ്ങളും ദുരഭിലാഷങ്ങളും വളരുവാൻ സമ്മതിയ്ക്കരുതു്. പുത്രനെ ഇങ്ങോട്ടു സ്നേഹിപ്പിയ്ക്കുകയല്ല, അങ്ങോട്ടു സ്നേഹിച്ചുകൊണ്ടു് അവന്റെ ഭാവിജീവിതം ഭാസുരമാകുവാൻ വേണ്ടതു ചെയ്യുകയാണ് ഇക്കാലത്തു പിതാവിന്റെ കർത്തവ്യമെന്നർത്ഥം. ഏതെങ്കിലും പരാജയം അ

യാറംകു ഭാവിയിൽ വരികയാണെങ്കിൽ അതിൻെറ കാരണം തൻെറ നോട്ടക്കുറവാണെന്നുള്ള ബോധം പിതാവിനു തികച്ചുമുണ്ടായിരിയ്ക്കണം. ഇതാണ് "ദശവഷാണിദാസവൽ" എന്നതിൻെറ സാരം.

പതിനഞ്ചു കഴിഞ്ഞാൽ പുത്രനെ മിത്രത്തെപ്പോലെ വിചാരിച്ചു പെരുമാറണം. കാൎയ്യങ്ങറം കൂടിയാലോചിച്ചുചെയ്യുക, സുഖദുഃഖങ്ങളിലും സമ്പദ്വിപത്തുകളിലും സമഭാഗിയാക്കുക, പിഴച്ചവഴിയ്ക്കു പ്രവൃത്തികണ്ടാൽ അരുതെന്നുപദേശിയ്ക്കുക, നേർവഴി കാണിച്ചുകൊടുക്കുക മുതലായ സുഹൃന്മൎയ്യാദകളോടുകൂടിയായിരിയ്ക്കണം പുത്രനോടുള്ള പെരുമാററമെന്നു താല്പൎയ്യം. പതിനാറിനുമുമ്പു രണ്ടു കാലഘട്ടങ്ങളിൽ അനുവൎത്തിച്ച മാൎഗ്ഗങ്ങളിൽക്കൂടി പിന്നേയും തുടൎന്നുപോകരുതു്. അതു് അനൎത്ഥപൎയ്യവസായിയാകുവാൻ എളുപ്പമുണ്ടു്. മേലിൽ തൻെറ യോഗക്ഷേമങ്ങളെപ്പററി ചിന്തിയ്ക്കുവാൻ തികച്ചും ഭാരവാഹി താൻതന്നെയാണെന്നും, ഭാവിയിൽ തനിക്കുണ്ടാകുന്ന ഉൽകൎഷാപകൎഷങ്ങളുടേയും സുഖദുഃഖങ്ങളുടേയും ഏകകാരണം തൻെറ ഗുണങ്ങളുടേയും ദോഷങ്ങളുടേയും താരതമ്യം മാത്രമായിരിയ്ക്കുമെന്നും പുത്രനു നല്ലപോലെ മനസ്സിലാക്കിക്കൊടുക്കണം. അയാളുടെ ഉൽകൎഷത്തിൽ അഭിമാനിയ്ക്കുവാനും സുഖത്തിൽ സന്തോഷിയ്ക്കുവാനും, വിപരീതാവസ്ഥയിൽ സങ്കടപ്പെടുവാനും മാത്രമേ അച്ഛനമ്മമാൎക്കും മററു ബന്ധുക്കറംക്കും കഴിവുള്ളു എന്ന പരമാൎത്ഥവും പുത്രനെ ഗ്രഹിപ്പിയ്ക്കണം ഇതാണു് ഉത്തരാൎദ്ധത്തിൻെറ സാരം.

ഗുരുക്കന്മാർ ശിഷ്യജനത്തോടു പെരുമാറേണ്ടതും ഏതാണ്ടു് ഇത്തരത്തിലാണു്. പ്രാരംഭപാഠകാലത്തു്,—ഇന്നത്തെ ഭാഷയിൻ പ്രൈമറി വിദ്യാഭ്യാസകാലത്തു്,—കട്ടികളെ അധികം ക്ലേശിപ്പിയ്ക്കാതെയും മുഷിപ്പിക്കാതെയും പഠിപ്പിയ്ക്കുന്നതാണു് ഉത്തമം. അവരവരുടെ മാതൃഭാഷ വൃത്തിയായി എഴുതുവാനും അക്ഷരവ്യക്തിയോടുകൂടി വായിയ്ക്കുവാനും അഭ്യസിപ്പിയ്ക്കുകയാണ് അക്കാലത്തെ പ്രധാന കൎത്തവ്യം. എല്ലാവരും അറിഞ്ഞിരിയ്ക്കേണ്ടതും ഉപരിപഠനത്തിനുപയോഗപ്പെടുന്നതുമായ പലതിൽ ചിലതു്—തിഥി-വാര-നക്ഷത്ര-മാസനാമാദികറം, പൂൎണ്ണസംഖ്യകളുടേയും പെരുക്കപ്പട്ടിക മുതലായതു്—ഇക്കാലത്തു മനഃപാഠമാക്കിയുറപ്പിയ്ക്കണം. ഇതു കട്ടികളെ അധികം വിഷമിപ്പിയ്ക്കാതെ സാധിയ്ക്കുന്ന കാൎയ്യമാണു്. എട്ടൊമ്പതു വയസ്സാകുമ്പോഴക്കു് ഇത്രത്തോളം സാധി

ച്ചാൽ പോരായ്കയുമില്ല.

അതിനുശേഷം ഹൈസ്കൂൾ ക്ലാസ്സുകൾ കഴിയുന്നതുവരെ നിർബ്ബന്ധിച്ചും ശാസിച്ചും പഠിപ്പിയ്ക്കുവാനുള്ള കാലമാണ്. ബാല്യം കഴിഞ്ഞ് കൌമാരാവസ്ഥയിലെത്തിയവരായിരിയ്ക്കുമല്ലോ ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികളധികവും. അവൎക്കു കാലത്തിന്റെ വിലയെപ്പററിയും വിദ്യാഭ്യാസത്തിന്റെ മേന്മയെപ്പററിയും ബോധം കുറവായിരിയ്ക്കും. കളികളിൽ ആവേശം കൂടിയുമിരിയ്ക്കും. അതുകൊണ്ടു്, രോഗികളെ ഔഷധം സേവിപ്പിക്കുവാൻ ചെയ്യുന്നതുപോലെ നയപ്രയോഗങ്ങളോ നിർബ്ബന്ധങ്ങളോ എന്തു തന്നെയായാലും വേണ്ടിവരുന്നതു ചെയ്തു് അവൎക്കു വിദ്യാഭ്യാസത്തിൽ ശ്രദ്ധയും ഉത്സാഹവുമുണ്ടാക്കണം. ആലസ്യവും ദുസ്സംസൎഗ്ഗവും ദുരാവേശങ്ങളും കണ്ടാൽ തൽക്ഷണത്തിൽതന്നെ അതില്ലാതാക്കുവാൻ പ്രയത്നിയ്ക്കണം. എപ്പോഴും പഠിപ്പും വായനയുംകൊണ്ടു വിദ്യാൎത്ഥികളുടെ ബുദ്ധി മരവിപ്പിച്ചു് അതിന്റെ വളൎച്ചയും വികാസവും കെടുക്കണമെന്നല്ല ഇപ്പറഞ്ഞതിന്റെ താല്പൎയ്യം. കളി കാൎയ്യമായും കാൎയ്യം കളിയായും രൂപാന്തരപ്പെടാതിരിപ്പാൻ വേണ്ടതെല്ലാം ചെയ്യണമെന്നു മാത്രമാണ്. മനസ്സു വല്ലാത്ത ഒരു ഭ്രാന്തൻ കുതിരയാണ്. അതിന്റെ ചാട്ടവും ഓട്ടവും കുറച്ചുകുറച്ചായി ക്രമത്തിൽ നിയന്ത്രിച്ചു് ഉറച്ചുനില്ക്കുവാൻ ശീലിപ്പിച്ചാൽ, യാതൊരു അപായഭയവും കൂടാതെ എത്തേണ്ടേടത്തു സുഖമായി എത്തിച്ചേരുവാൻ അതിനെപ്പോലെ നല്ല വാഹനം മററൊന്നില്ല താനും. അവധാനമെന്നു പറയുന്ന ഈ മനഃസ്ഥൈൎയ്യം വിദ്യാൎത്ഥികൾക്കുണ്ടാക്കുകയാണ് അദ്ധ്യാപകന്റെ പ്രഥമവും പ്രധാനവുമായ കൎത്തവ്യം. പഠിപ്പിയ്ക്കുവാൻ തുടങ്ങുന്നതിനു മുമ്പ് പഠിയ്ക്കുവാൻ പഠിപ്പിയ്ക്കണമെന്നു താല്പൎയ്യം. മനസ്സിരുത്തുവാനും ഗുരൂപദേശം ഗ്രഹിയ്ക്കുവാനും വിദ്യാൎത്ഥികൾക്കു സാമൎത്ഥ്യം കൂടിക്കൂടി വരുന്ന ക്രമമനുസരിച്ചായിരിയ്ക്കണം പാഠ്യവിഷയങ്ങളിലാധിക്യം വരുത്തുന്നതു്. ആരംഭത്തിൽ തന്നെ എല്ലാം പഠിപ്പിക്കുവാൻ തുടങ്ങി ഒടുവിൽ ഒന്നുമറിഞ്ഞുകൂടാതാക്കുകയല്ലല്ലോ വിദ്യാഭ്യാസത്തിന്റെ ഫലം.

ഇങ്ങിനെ ഹൈസ്കൂൾ പാഠം കഴിയുമ്പോൾ മാത്രമാണ് വിദ്യാൎത്ഥികൾ വാസ്തവത്തിൽ വിദ്യാഭ്യാസത്തിന്നു് ശരിയ്ക്കർഹന്മാരാകുന്നതു്. നിഷ്കൃഷ്ടമായ വിദ്യാഭ്യാസം അവർ തുടങ്ങുവാൻ പോകുന്നതേ ഉള്ളു. മുൻക്ലാസ്സുകളിൽവെച്ചു് ഉപരിപ്ലവരൂപത്താ

ൽ ഗ്രഹിച്ചിട്ടുള്ള ഓരോ വിഷയത്തിൽ ശരിയായ അവഗാഹമു ണ്ടാക്കേണ്ടതു് കോളേജുക്ലാസ്സുകളിലെ പാഠംകൊണ്ടാണ്. കോളേജിൽ വരുന്ന വിദ്യാർത്ഥികൾക്കു് ഏതാണ്ടു് യൌവനം ആരംഭിച്ചിരിയ്ക്കുമല്ലൊ. തൻേറടവും കർത്തവ്യബോധവുമുണ്ടാകേണ്ട പ്രായത്തിലെത്തിയ അവരോടു് വലിയ ശാസനവും നിർബ്ബന്ധവും വേണമെന്നില്ല. പഠിപ്പിയ്ക്കുവാനുള്ളതു് വേണ്ടവിധത്തിൽ പഠിപ്പിയ്ക്കണം. പാഠം കഴിഞ്ഞതിനുശേഷം പഠിച്ചവിഷയത്തിൽ അവർ ചെയ്യേണ്ട പരിശ്രമത്തിൻെറ ക്രമവും സമ്പ്രദായവും പറഞ്ഞു കൊടുക്കണം. ജ്ഞാനത്തിൻെറ വിപുലതയ്ക്കും ദൃഢതയ്ക്കും അവർ സ്വയം ചെയ്യേണ്ടതായ മററു മാർഗ്ഗങ്ങളും നിർദ്ദേശിയ്ക്കണം. ആലസ്യമോ അസദാചാരാദികളോ കണ്ടാൽ, അതു നന്നല്ലെന്നു് ഒരു ഹിതൈഷിയുടെ നിലയിലുപദേശിയ്ക്കണം. മനുഷ്യനെ വഴി തെററിയ്ക്കുന്നതു പലതുമുള്ളതിൽ പ്രധാനമായ ഒന്നാണ് യൌവനം. യാതൊരു തെററും പററിച്ചിട്ടില്ലാത്ത യൌവനം ദുർല്ലഭമാണ്. അതുകൊണ്ടു് യൌവനദോഷങ്ങളേയും യുവാക്കന്മാർ ധരിച്ചിരിയ്ക്കേണ്ട സംഗതികളേയും പ്രതിപാദിയ്ക്കുന്ന ഏതെങ്കിലും ഒരു ഗ്രന്ഥം പാഠ്യപുസ്തകങ്ങളിലുൾപ്പെടുത്തുന്നതു നന്നായിരിയ്ക്കും. തൻെറ ശ്രദ്ധയും പ്രയത്നവും ശീലഗുണവുമാണ് ഗുരുപ്രയത്നത്തിൻെറ സാഫല്യത്തിന്നും അനന്തരകാലത്തിൽ സോൽകർഷത്തിന്നും കാരണമെന്നറിഞ്ഞു വിദ്യാർത്ഥി ഗുരൂപദേശങ്ങളനുസരിച്ചാൽ ഗുരുവിനു സംതൃപ്തിയും ശിഷ്യനു ശ്രേയസ്സും ഫലം. വൈപരീത്യത്തിൽ ഫലവും വിപരീതം.

—x—

പ്രോത്സാഹനാർത്ഥം:

## പ്രാചീന-ആധുനിക വിദ്യാഭ്യാസം

(കെ. ലീലാവതി, V. F. L. S. C. H. S. Ottapalam.)

അതിപ്രാചീനകാലം മുതല്ക്കേ അത്യന്തം സംസ്കാരം സിദ്ധിച്ചിട്ടുള്ള പവിത്രഭൂഖണ്ഡമാണ് ഹിന്ദുസ്ഥാൻ അഥവാ ഭാരതം. അനുകരണീയരായ അനേകശതം ശാസ്ത്രകോവിദന്മാരേയും, കലാജ്ഞാനികളേയും മഹാകവികളേയും അവർ ലോകത്തിന്നു സമ്മാനിച്ചിട്ടുണ്ടു്. സകല കലാകേളിരംഗമായ ഭാരതത്തിലെ പ്രാചീന വിദ്യാഭ്യാസം പ്രശംസനീയമായ ഒരു രീതിയിലായിരുന്നു. ആ വിദ്യാഭ്യാസസമ്പ്രദായം അന്നത്തെ സ്ഥിതിയനുസരിച്ചു് അത്യന്തം ആദർശയോഗ്യവും അനുകരണീയവുമായിരുന്നു.

"ഗുരുകുലസമ്പ്രദായ"മനുസരിച്ചായിരുന്നു പുരാതന കാലത്തു

*

വിദ്യാഭ്യാസം നിർവ്വഹിച്ചതു്. ഗുരു തന്റെ നിഷ്കൃഷ്ടമായ മേൽനോട്ടത്തിന്നുതകിയ മിതമായ ഓരോ ഛാത്രസംഘങ്ങളെയാണു് വിദ്യ അഭ്യസിപ്പിച്ചിരുന്നതു്. കുട്ടികൾ ബാല്യംവിട്ടു കൌമാരത്തിലേയ്ക്കു കാലെടുത്തുവെയ്ക്കുന്ന ദശയിൽ രക്ഷിതാക്കന്മാർ അവരെ സ്വന്തം കുലഗുരുക്കന്മാരുടേയൊ അഥവാ വിശിഷ്ടന്മാരായ മററു ഗുരുക്കന്മാരുടേയോ പക്കൽ വിദ്യാഭ്യാസാർത്ഥം ഏല്പിച്ചിരുന്നു. അന്നുതൊട്ടു വിദ്യാഭ്യാസകാലം മുഴുവനും ആ വിദ്യാർത്ഥി ആ ഗുരുവിന്റെ ഒരു കുടുംബാംഗമെന്നപോലെയായിരിക്കും പെരുമാറുക. അതാതു സമയത്തു ഗുരുനാഥൻ നിശ്ചയിക്കുന്ന എല്ലാം പ്രവൃത്തികളും ചെയ്യുവാൻ ശിഷ്യന്മാർ നിർബ്ബദ്ധരും സന്തോഷപൂർവ്വം അവർ അതു നിർവ്വഹിക്കുന്നതിൽ അത്യുത്സാഹികളുമായിരിക്കും. സാന്ദീപനിമഹർഷി ശ്രീകൃഷ്ണനെ വിറകിനയച്ച കഥ സുപ്രസിദ്ധമാണല്ലൊ. ശിഷ്യന്മാർ ഗുരുവിനെ പിതൃതുല്യമായിക്കരുതി ബഹുമാനിക്കുകയും സ്നേഹിക്കുകയുംചെയ്യും; അപ്രകാരം ഗുരുക്കന്മാർ ശിഷ്യന്മാരെ പുത്രനിർവ്വിശേഷം വാത്സല്യപൂർവ്വം പരിരക്ഷിക്കുകയും ചെയ്യും. ഹാ! ഗുരുശിഷ്യബന്ധം എത്ര ആനന്ദപ്രദമായിരുന്നു! ഒരു ഗുരുകുലത്തിൽ വ്യത്യസ്തപ്രായക്കാരായ വിദ്യാർത്ഥികളുണ്ടായിരിക്കുക സാധാരണമാണു്. അവരെല്ലാം ഏകോദരസഹോദരഭാവത്തോടുകൂടി സന്തോഷത്തോടെ കഴിയുന്നതിനാൽ അവരുടെ ഇടയിൽ സഹിഷ്ണുതാശീലമുണ്ടാകുന്നു. പ്രായഭേദവും പഠിപ്പുമനുസരിച്ചു ഗുർവ്വാജ്ഞപ്രകാരം വയസ്സുമൂപ്പുള്ള കുട്ടികൾ പ്രായംകുറഞ്ഞ കുട്ടികളെ പഠിപ്പിക്കുന്നതും അവർ അനുസരിക്കുന്നതും അസാധാരണമല്ലായിരുന്നു. ചുരുക്കത്തിൽ പരസ്പരാവലംബികളായിട്ടായിരുന്നു അന്നത്തെ ഗുരുകുലങ്ങൾ വർത്തിച്ചുവന്നതു്.

പണ്ടത്തെ ഗുരുനാഥന്മാർ സ്വശിഷ്യന്മാരുടെ മനഃസംസ്കാരത്തിലായിരുന്നു കൂടുതൽ ശ്രദ്ധപതിപ്പിച്ചതു്. ലൌകികകാര്യങ്ങളെ പറഞ്ഞുകൊടുക്കുന്നതോടൊപ്പം അധ്യാത്മതത്വങ്ങളെക്കൂടി വിദ്യാർത്ഥികളുടെ ഹൃദയമുകുരങ്ങളിൽ പ്രതിബിംബിപ്പിച്ചിരുന്നു. അന്നത്തെ വിദ്യാഭ്യാസസമ്പ്രദായമാണു് യശഃശരീരാവലംബികളും ഭാരതത്തിലെ അഭിമാനത്തിന്നും അന്തസ്സിനും കാരണഭൂതന്മാരുമായ അനേകശതം മഹാത്മാക്കളെ സൃഷ്ടിചെയ്തതു്.

അന്നത്തെ ഗുരുകുലങ്ങൾ സ്ഥിതിചെയ്തിരുന്നതു പ്രശാന്തവും സുമനോഹരങ്ങളുമായ വനസ്ഥലികളിലായിരുന്നു. ഇതുകൊണ്ടു വിദ്യാർത്ഥികൾക്കു പ്രകൃതിയോടിണങ്ങി അരണ്യലക്ഷ്മിയുടെ ലീലാവിലാസങ്ങളെക്കണ്ടാനന്ദിക്കുന്നതിന്നും സ്വയം ഭാവനകളെ ഉല്ലാദിപ്പിക്കുന്നതിന്നും അതിനെ വിപുലീകരിക്കുന്നതിന്നും ശാന്തിയുടെ അമന്ദാനന്ദമാസ്വദിക്കുന്നതിന്നും സാധിച്ചിരുന്നു. അന്നത്തെ

ആ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു വിദ്യാൎത്ഥികളുടെ മനസ്സിൽ ഗുരുകാരണവന്മാരോടുണ്ടാകേണ്ട വിനയാദി സൽസ്വാഭാവങ്ങൾ രൂഢമൂലമാവുകയും ആയതു് അവരുടെ ഭാവിശ്രേയസ്സുകൾക്കു നിദാനമാവുകയും ചെയ്തിട്ടുണ്ടു്. പുറമെ ശിഷ്യന്മാരെ സ്വാശ്രയശീലന്മാരും സ്വതന്ത്രബുദ്ധികളുമാക്കിത്തീൎക്കുന്നതിൽ ഈ സമ്പ്രദായം വളരെ ഫലപ്രദമായിരുന്നു. ജാതിഭേദമെന്യേ എല്ലാവൎക്കുമേകോപിച്ചു് ഏകകാലത്തു് ഏകഗുരുവിൽനിന്നു വിദ്യാധനം നേടുവാൻ നിഷ്പ്രയാസം സാധിച്ചിരുന്നതു പരമഭാഗ്യംതന്നെ.

എന്നാൽ കാലാന്തരത്തിൽ "ചാതുൎവ്വൎണ്ണ്യ"ത്തിന്റെ ആന്തരാൎത്ഥം മനസ്സിലാക്കാതെ തൊഴിൽ വിഭജനം ആരംഭിച്ചതോടുകൂടി പ്രാചീന വിദ്യാഭ്യാസസമ്പ്രദായങ്ങൾക്കും ഉടവുപററി. അതാതു തൊഴിലിന്നുപയുക്തമായ വിദ്യാഭ്യാസം അതാതു ജാതിക്കാൎക്കു എന്ന വ്യവസ്ഥ വന്നു. ഈ നിബന്ധനം ജനസാമാന്യത്തിന്റെ നൈസൎഗ്ഗികങ്ങളായ ഗുണഗണങ്ങളെ നശിപ്പിക്കയും അവരുടെ മനോവികാസത്തിന്നു പ്രതിബന്ധമായിത്തീരുകയും ചെയ്തു. അന്നു ഭാരതത്തിൽ പടൎന്നുപിടിച്ച "വൎണ്ണാശ്രമഭ്രാന്തു്" ഉയൎന്ന ജാതിക്കാർ കീഴ്ജാതിക്കാരെ പല വിധത്തിലും തരംതാഴ്ത്തി അധഃപതിപ്പിക്കവാൻ പൎയ്യാപ്തമായിത്തീൎന്നു. തന്നിമിത്തം ആദൎശപരവും അതിപവിത്രവും ആയ പ്രാചീന വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു ഉണ്ടായേക്കാവുന്ന ഉയൎന്ന പദവികൾ ജനസാമാന്യത്തിന്നു ലഭിക്കാതെയായി; അന്നു മുതൽ ഭാരതത്തിന്റെ അധഃപതനവും ആരംഭിച്ചു.

ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിലും അനവധി ന്യൂനതകൾ കാണാം. ഇതിന്നു കാരണം നവീന ആശയങ്ങളെ പ്രാചീന വിദ്യാസമ്പ്രദായങ്ങളോടുകൂടി ഘടിപ്പിച്ചപ്പോളുണ്ടായ പാകപ്പിഴ മാത്രമാണു്.

ഒന്നാമതായി ചിന്തിക്കേണ്ടതു് ഇന്നത്തെ വിദ്യാലയസ്ഥാനങ്ങളെക്കുറിച്ചാണു്. കൃത്രിമങ്ങളും മോടിപ്പകിട്ടേറിയതുമായ പട്ടണങ്ങളുടെ മദ്ധ്യത്തിലാണു് മിക്ക പാഠശാലകളും സ്ഥിതിചെയ്യുന്നതു്. അപകടമാനസത്തെ ഹാലാകർഷിക്കുന്ന പല ദുസ്ഥിതികളുടേയും നടുക്കുകൂടിയാണു് ദിവസേന ബാലവിദ്യാൎത്ഥികൾക്കു ഗതാഗതം ചെയ്യേണ്ടതു്. കുട്ടികളുടെ മനസ്ഥിതിയെ ഇളക്കിമറിച്ചു് അപഥത്തിലിറക്കിവിടുവാൻ ഇതു പ്രേരകമായിഭവിക്കുന്നു. തന്മൂലം കുട്ടികൾ ചീത്തയായിത്തീരുന്നു. സമസ്തജനങ്ങളുടേയും പ്രഥമവും പ്രധാനവുമായ ഏകഗുരു പ്രകൃതിയാണല്ലൊ. ഇത്തരം പാഠശാലകളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കു് ഒരിക്കലും പ്രകൃതിയുടെ അകൃത്രിമരമണീയത മനസ്സിലാക്കി ആസ്വദിക്കുവാൻ തരപ്പെടുന്നില്ല. പുറമെ ദുർവ്യയത്തിന്നു ഹേതുഭൂതങ്ങളായ അൎത്ഥശൂന്യവും അപകടം പിടിച്ചതുമായ "പരിഷ്കാരങ്ങളിൽ മനസ്സു ചെ

ന്നു നശിച്ചുപോകുന്നു. ഇന്നത്തെ വിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും തമ്മിലുള്ള മൈത്രി തീരെ പോരാതെയാണിരിക്കുന്നതു്. അദ്ധ്യാപകന്മാർ കേവലം പണത്തിനുവേണ്ടി ജോലിചെയ്യുക എന്നായിത്തീൎന്നാൽ വിദ്യാൎത്ഥികൾ അശരണരായി അധഃപ്പതിച്ചു പോകുകതന്നെ ചെയ്യും. അഭ്യസനത്തിന്റെ വൈകല്യം മൂലം ഇന്നത്തെ അധ്യേതാക്കൾക്കു്, ഗുരുനാഥന്മാരിൽനിന്നു പകൎന്നതോ എന്നു തോന്നുമാറു്, പ്രാചീനസംസ്കാരങ്ങളോടു് എന്തെന്നില്ലാത്ത ഒരു പുച്ഛം കാണുന്നതു അപലപനീയം തന്നെയാണു്. സ്വാശ്രയശീലവും, സ്വദേശസ്നേഹവും, സ്വഭാഷാമമതയും, സ്വാതന്ത്ര്യബുദ്ധിയും, സഹിഷ്ണുതാശീലവും നാൾക്കുനാൾ വിദ്യാൎത്ഥികളിൽ കുറഞ്ഞു കുറഞ്ഞു വരുന്നതോടൊപ്പം, അച്ചടക്കമില്ലായ്മയും, ദുസ്വാതന്ത്ര്യവും സ്വഭാഷാപുച്ഛവും മററും വളൎന്നു വരുന്നതു ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ വലുതായ ഒരു ന്യൂനതയാണു്.

ഇന്നു അധികമായും ഭൌതികകാൎയ്യങ്ങളെപ്പററിയുള്ള വിദ്യാഭ്യാസമാണു് ലഭിക്കുന്നതു്. മനഃപരിഷ്കാരത്തിന്നും, മാനസികവളൎച്ചക്കും പൎയ്യാപ്തമായ ആധ്യാത്മികതത്വങ്ങളടങ്ങാത്ത വിദ്യ പാഠശാലകളിൽ നാമാവശേഷമായതോടുകൂടി നാട്ടിലെ സംസ്കാരം പമ്പകടന്നു.

ഒരു ക്ലാസ്സിൽ 40-ഉം 45-ം വിദ്യാർത്ഥികളെ ഒരദ്ധ്യാപകൻ ഒരു വിഷയം അമ്പതു മിനിട്ടുനേരമേ പഠിപ്പിക്കുന്നുള്ളു. ഇതു എല്ലാ കുട്ടികൾക്കും ഒരുപോലെ വിഷയം മനസ്സിലാക്കാൻ പററുന്നില്ല. എന്നല്ല പല അദ്ധ്യാപകന്മാരുടെ കീഴിലും അല്പാല്പസമയം പഠിക്കുന്നതുകൊണ്ടു അദ്ധ്യാപകാധ്യേതാക്കൾക്കു അവശ്യം വേണ്ടതായ മനശ്ചേൎച്ചയും മററു ഗുണങ്ങളും ഇല്ലാതായിത്തീരുന്നു. ഇപ്രകാരം നോക്കിയാൽ ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിൽ അനേകമനേകം വൈകല്യങ്ങൾ കാണാവുന്നതാണു്. പ്രാചീന വിദ്യാഭ്യാസസമ്പ്രദായവും ഇന്നത്തെ കാലത്തു പ്രായോഗികമല്ല. പഠിപ്പും പരിചയവും ബുദ്ധിക്കു ഇരുത്തവും വന്നിട്ടുള്ള മഹത്തുക്കളൊത്തുകൂട്ടി ഒരു നവീന വിദ്യാഭ്യാസരീതി കണ്ടുപിടിച്ചു നടപ്പിലാക്കാൻ വൈകീട്ടുണ്ടു്. അങ്ങനെ നടപ്പിൽവരുത്തിയാൽ നശിച്ചുപോയ ഭാരതത്തിന്റെ വിശ്വവിശ്രുതി പുനഃസ്ഥാപിതമാകുമെന്നു തീൎച്ചയായിപ്പറയാം.

——:o:——